OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service
STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE
Vol. IV Book. 04 Regd. No. ER/450/2001 1197 മീനം-മേടം ഏപ്രിൽ Date: 30.04.2022

# ദുഃഖ വെള്ളിയാഴ്ച

ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികൾ ഈസ്റ്ററിനു തൊട്ടു മുൻപുള്ള വെള്ളിയെ **ദുഃഖവെള്ളിയാഴ്ച** ആയി ആചരിക്കുന്നു. യേശു ശിഷ്യന്മാരോടൊപ്പം അന്ത്യ അത്താഴം കഴിച്ച്, അവരുടെ കാലുകൾ കഴുകി വിനയത്തി**ന്റെ ഉദാത്ത മാതൃക കാണിച്ച പെസഹാ വ്യാഴത്തിന്റെ തുടർന്നുള്ള ഈ ദിവസത്തിൽ യേശു ക്രിസ്തുവിന്റെ പീഡാസഹനത്തെയും കാൽവരി മലയിലെ കുരിശു മരണത്തെയും ക്രൈസ്തവർ അനുസ്മരിക്കുന്നു. പാശ്ചാത്യ സഭകൾ ഈ ദിവസത്തെ ഗുഡ് ഫ്രൈഡേ (Good Friday) എന്നും പോളണ്ട് സഭ, യവന സഭ, സുറിയാനി സഭ തുടങ്ങിയ ഓർത്തഡോക്സ് സഭകൾ ഈ ദിവസത്തെ വലിയ വെള്ളിയാഴ്ച (Great Friday, ഗ്രെയിറ്റ് ഫ്രൈഡേ ) എന്നും വിളിക്കുന്നു. കേരളത്തിലെ സുറിയാനി സഭകൾ ഹാശാ ആഴ്ചയിലെ അഥവാ കഷ്ടാനുഭവ ആഴ്ചയിലെ ഈ വെള്ളിയാഴ്ചയെ ഹാശാ വെള്ളി എന്നും പരാമർശിക്കാറുണ്ട്** .



**ആ മനുഷ്യൻ ഇതാ. പീലാത്തോസ് യേശുവിനെ ജനക്കൂട്ടത്തിന് കാണിച്ചു കൊടുക്കുന്നു.**

ക്രിസ്തുമതത്തി**ന്റെ** ആരംഭകാലത്ത്, ക്രിസ്തുവി**ന്റെ** മരണത്തെക്കാളേറെ ഉയിർത്തെഴുന്നേല്പാണ് ഭക്തിപുരസ്സരം അനുസ്മരിക്കപ്പെട്ടിരുന്നത്. എന്നാൽ എ.ഡി. രണ്ടാം ശതകത്തിൽ, യേശുക്രിസ്തു കല്ലറയ്ക്കുള്ളിൽ കഴിഞ്ഞ നാല്പതു മണിക്കൂറുകളുടെ ഓർമയ്ക്കായി ക്രൈസ്തവർ ഉപവാസം അനുഷ്ഠിച്ചിരുന്നു. 6-ആം ശതകം വരെ റോമിൽ വളരെ ലളിതമായ ചടങ്ങുകളോടെയാണ് ദുഃഖവെള്ളിയാഴ്ച ആചരിച്ചിരുന്നത്. ബൈബിൾ വായനയും പ്രാർഥനയും മാത്രമാണ് ഈ ചടങ്ങുകളിൽ നടന്നിരുന്നത്. ആദിമ ക്രൈസ്തവരുടെ കാലം മുതൽ തന്നെ ദുഃഖവെള്ളി ആചരിച്ചു പോന്നിരുന്നു എന്നതിനു തെളിവുകളുണ്ട്.



**കുരിശുമായി ഗാഗുൽത്തയിലേക്ക് പോകുന്ന യേശു ക്രിസ്തു- എൽ ഗ്രെക്കോയുടെ രചന**

എ.ഡി. നാലാം ശതകത്തിൽ ജെറുസലേമിലെ ക്രൈസ്തവർ ദുഃഖവെള്ളിയാഴ്ച ദിവസം രാവിലെ കാൽവരിയിലെത്തുകയും പീഡാനുഭവ വിവരണം ശ്രവിക്കുകയും ചെയ്തിരുന്നു. യേശുദേവൻ മരണം വരിച്ചതെന്നു കരുതപ്പെടുന്ന കുരിശി**ന്റെ** അവശിഷ്ടത്തിൽ വിശ്വാസികൾ ചുംബിക്കുകയും മൌനപ്രാർഥന നടത്തുകയും പതിവാക്കി. ഉച്ചയ്ക്ക് പന്ത്രണ്ട് മുതൽ മൂന്ന് മണിവരെ ഇവർ വീണ്ടും കാൽവരിയിൽ സമ്മേളിക്കുകയും പ്രവാചകന്മാരുടെ പുസ്തകങ്ങളിൽനിന്ന് കുരിശുമരണത്തെ സംബന്ധിക്കുന്ന ഭാഗങ്ങളും തിരഞ്ഞെടുക്കപ്പെട്ട സങ്കീർത്തനങ്ങളും വായിച്ചു കേൾക്കുകയും ചെയ്തു വന്നു.

**ഏഴാം ശതകത്തോടുകൂടി ജെറുസലേമിലെ ആചാരങ്ങൾ റോമിലും നടപ്പാക്കപ്പെട്ടു. നൂറ്റിപ്പതിനെട്ടാം സങ്കീർത്തനം പാടുന്ന വേളയിൽ വിശുദ്ധ കുരിശിന്റെ അവശിഷ്ടം ഘോഷയാത്രയായി ബസ്ലിക്കയിലേക്ക് കൊണ്ടുപോകുന്ന**

പതിവ് നിലനിന്നിരുന്നു. ഇപ്രകാരം വിശുദ്ധ കുരിശിനെ ആരാധിക്കുന്ന പതിവ് മറ്റു ദേശങ്ങളിലേക്കും പ്രചരിച്ചു. 'കുരിശു കുമ്പിടീൽ' എന്നറിയപ്പെടുന്ന ഈ ആചാരത്തിന് ലത്തീൻ ആരാധനാക്രമത്തിൽ ഇന്നും വളരെ പ്രാധാന്യമുണ്ട്. ചില കത്തോലിക്കാ ദേവാലയങ്ങളിൽ വിശുദ്ധ കുരിശിന്റെ അവശിഷ്ടം സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സാധാരണ മരക്കുരിശാണ് കുമ്പിടീലിനായി ഉപയോഗിച്ചിരുന്നത്. ക്രൂശിതനായ യേശുവിന് കുടിക്കുവാൻ പുളിച്ച വീഞ്ഞ് നല്കിയതിന്റെ ഓർമയ്ക്കായി വിശ്വാസികൾ കയ്പു വെള്ളം കുടിക്കുന്ന പതിവുമുണ്ടായിരുന്നു. ക്രമേണ ദുഃഖവെള്ളിയാഴ്ച ചടങ്ങുകളുടെ വൈവിധ്യം വർധിച്ചു.

# അംബേദ്കർ ജയന്തി അല്ലെങ്കിൽ ഭീം ജയന്തി

ബഹുമുഖ പ്രതിഭയും പൗരാവകാശ പ്രവർത്തകനുമായ ബി.ആർ. അംബേദ്കറുടെ സ്മരണയ്ക്കായി ഏപ്രിൽ 14-ന് ആചരിക്കുന്ന വാർഷിക ഉത്സവമാണ് അംബേദ്കർ ജയന്തി അല്ലെങ്കിൽ ഭീം ജയന്തി 1891 ഏപ്രിൽ 14-ന് ജനിച്ച ഡോ. ബാബാസാഹെബ് അംബേദ്കറുടെ ജന്മദിനമാണ് ഇത് . 2015 മുതൽ ഇത് ഇന്ത്യയിലുടനീളം ഔദ്യോഗിക പൊതു അവധിയായി ആചരിച്ചുവരുന്നു. അംബേദ്കർ തന്റെ ജീവിതകാലം മുഴുവൻ സമത്വത്തിന് വേണ്ടി പോരാടി. അതിനാൽ അദ്ദേഹത്തിന്റെ ജന്മദിനം ഇന്ത്യയിൽ 'സമത്വ ദിനം' ആയി ആഘോഷിക്കുന്നു. ഈ ദിവസം "അന്താരാഷ്ട്ര സമത്വദിനം" ആയി പ്രഖ്യാപിക്കണമെന്ന ആവശ്യം ഐക്യരാഷ്ട്രസഭ അംഗീകരിച്ചു അംബേദ്കർ ജയന്തി ഇന്ത്യയിൽ മാത്രമല്ല, ലോകമെമ്പാടും ആഘോഷിക്കപ്പെടുന്നു



ന്യൂഡൽഹിയിൽ പാർലമെന്റ് മന്ദിരത്തിന് മുന്നിലെ അംബേദ്കറുടെ പ്രതിമയ്ക്ക് മുന്നിൽ ആദരമർപ്പിക്കുന്നവർ

മുംബൈയിലെ ചൈത്യഭൂമിയിലും നാഗ്പൂരിലെ ദീക്ഷാഭൂമിയിലും അംബേദ്കർ ജയന്തി ഘോഷയാത്രകൾ നടത്തുന്നു. ന്യൂഡൽഹിയിലെ ഇന്ത്യൻ പാർലമെന്റിലെ അംബേദ്കറുടെ പ്രതിമയിൽ രാഷ്ട്രപതി, പ്രധാനമന്ത്രി, പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കൾ തുടങ്ങിയ മുതിർന്ന ദേശീയ വ്യക്തികൾ ആദരാഞ്ജലി അർപ്പിക്കുന്നത് പതിവാണ്. ലോകമെമ്പാ ടുമുള്ള ദളിതർ, ആദിവാസികൾ, തൊഴിലാളികൾ, സ്ത്രീകൾ, കൂടാതെ അദ്ദേഹത്തെ അനുകരിച്ച് ബുദ്ധമതം സ്വീകരിച്ചവരും ഇത് ആഘോഷിക്കുന്നു.

ഇന്ത്യയിലെ 25-ലധികം സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബാബാസാഹെബ് അംബേദ്കർ ജയന്തി പൊതു അവധിയാണ്.



**ബി.ആർ. അംബേദ്കർ (1891-1956).**

1907-ൽ അംബേദ്കർ മെട്രിക്കുലേഷൻ പാസായി. തുടർന്ന് എൽഫിൻസ്റ്റൺ കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലും പൊളിറ്റിക്കൽ സയൻസിലും ബിഎ ബിരുദം നേടി. ന്യൂയോർക്കിലെ കൊളംബിയ യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് ഓഫ് ആർട്സിനായി എൻറോൾ ചെയ്യുകയും 1927-ൽ സാമ്പത്തിക ശാസ്ത്രത്തിൽ പിഎച്ച്ഡി നേടുകയും ചെയ്തു. 1916-ൽ ഗ്രേസ് ഇന്നിൽ ബാർ കോഴ്സിന് പ്രവേശനം നേടി. ഇതോടൊപ്പം ലണ്ടനിൽ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ മറ്റൊരു ഡോക്ടറൽ തീസിസും ചെയ്തു. -അംബേദ്കർ 64 വിഷയങ്ങളിൽ മാസ്റ്ററും 11 ഭാഷകളിൽ പ്രാവീണ്യവും നേടിയിരുന്നു .

ഒരു ഐക്യഭാരതവും അഖണ്ഡഭാരതവും എന്ന ആശയം ശക്തിപ്പെടുന്നത് ഡോ.അംബേദ്ക്കറുടെ കയ്യൊപ്പ് പതിഞ്ഞ മഹത്തായ ഭരണഘടനക്ക് കീഴെ ഇന്ത്യ ഭരിച്ചു തുടങ്ങുമ്പോൾ മാത്രമാണ്. അതെ, ആധുനിക സ്വതന്ത്ര ഇന്ത്യ ആദ്യം വിടരുന്നത് ബാബാസാഹേബിന്റെ കാവ്യാത്മക ഭാവനയിലായിരുന്നു. ജനാധിപത്യ ഇന്ത്യക്ക് പറന്നുയരാൻ ശക്തമായ ചിറകുകൾ നൽകിയത് ബാബാസാഹേബായിരുന്നു. ഇന്ത്യൻ ജനാധിപത്യം 70 ആണ്ടിലെത്തിയെങ്കിൽ , ആ മഹത്തായ വിജയത്തിന്റെ യശസ്സ് ഡോ.അംബേദ്ക്കർക്ക് സ്വന്തം. അക്കാരണത്താലാണ്, 2012ൽ CNN – IBN TV നൂറ്റാണ്ടിലെ ഏറ്റവും മഹാനായ ഇന്ത്യക്കാരൻ പദവി നൽകി ബാബാസാഹേബിനെ ആദരിച്ചത്.

ജനാധിപത്യത്തിന്റെ ആധാരശിലകളായി നിയമ നിർമ്മാണ സഭയേയും എക്സിക്യുട്ടീവിനേയും ജുഡീഷ്യറിയേയും സൃഷ്ടിക്കുകയും അവയുടെ കടമകളും കർമ്മങ്ങളും നിർവ്വചിക്കുകയും ചെയ്തു ധൈഷണിക മികവിന്റെ ഉത്തുംഗതയിലേയ്ക്ക് ഉയർന്നു.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിദുർഗ്ഗങ്ങളായി മാറിയ ഏതാണ്ടെല്ലാ ഭരണഘടനാ സ്ഥാപനങ്ങളുടേയും നിർമ്മിതിയ്ക്ക് പിന്നിൽ ബാബാസാഹേബിന്റെ ധൈഷണികതയുടെ കരുത്തുണ്ടായിരുന്നു. നിർദ്ദേശക തത്വങ്ങൾ, റിസർച്ച് ബാങ്ക് നിയമങ്ങൾ, ഫാക്ടറി ലാ, ESI ട്രേഡ് യൂണിയൻ നിയമങ്ങൾ തുടങ്ങിയ എത്രയോ വിപ്ളവകരമായ ആശയങ്ങളും നിയമങ്ങളും ബാബായുടേതായി ഇന്ത്യൻ ജനാധിപത്യത്തിൽ ദീപ്തമായി പ്രകാശിക്കുന്നത് കാണാം. ഇന്ത്യയുടെ വിധി നിർണ്ണയിച്ച മഹത്തായ ദേശീയ ഗ്രന്ഥമായി ഭരണഘടന നിലകൊള്ളുമ്പോൾ, അതിന് നാം ബാബായുടെ ഉജ്ജ്വല പ്രതിഭാവിലാസത്തോട് കടപ്പെട്ടിരിക്കുന്നു.

പകരക്കാരില്ലാത്ത അക്കാദമിക് പണ്ഡിതൻ, സാമ്പത്തിക വിദഗ്ധൻ, ചരിത്രകാരൻ, രാഷ്ട്രീയ മീമാംസകൻ, സാമൂഹിക ചിന്തകൻ, ഭരണഘടനാ വിദഗ്ധൻ, കിടയറ്റ പാർലമെന്റേറിയൻ, ഉജ്ജ്വല വാഗ്മി, തത്വചിന്തകൻ, മാനവികതാവാദി, തികഞ്ഞ ദർശനികൻ എന്നിങ്ങനെ ലോക ധൈഷണിക മേഖലയിൽ ഇത്രയേറെ ആദരവും അംഗീകാരവും നേടിയ മറ്റൊരു ഇന്ത്യക്കാരനെവിടെ ?

# കോട്ടയം ജില്ലയുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം



എക്സിക്യൂട്ടീവ് കമ്മറ്റി

കോട്ടയം ജില്ലയുടെ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം 08.04.2022– ാം തീയതി വെള്ളിയാഴ്ച്ച കോട്ടയം ഓഫീസിൽ പുരോഗമിക്കുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗങ്ങളുടെ ചുമതലയേക്കൽ ചടങ്ങും നടന്നു.



മാത്യു അടയ്ക്കാമുണ്ടയ്ക്കൽ, കോട്ടയം ഡെ. ജനറൽ സെക്രട്ടറി, പുതിയ കമ്മറ്റിക്ക് ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിക്കുന്നു.



കാലാവധി പൂർത്തിയാക്കി വിട വാങ്ങുന്ന പ്രസിഡന്റ് എം.ജി.രാഘവനെ, പുതുതായി ജില്ലാ പ്രസിഡന്റ് ചുമതല യേൽക്കുന്ന കെ.എൻ. വിശ്വനാഥൻ നായർ പൊന്നാട യണിയിച്ച് ആദരിക്കുന്നു. . സെക്രട്ടറി, പി.എം. ജേക്കബ്ബ്, ഡിജിഎസ് മാത്യു അടയ്ക്കാമുണ്ടയ്ക്കൽ എന്നിവർ സമീപം

# വിഷു

'വിഷു' മലയാളത്തിന്റെ പുതുവൽസരപ്പിറവിയാണ്. മലയാള വർഷാരംഭമായ മേടം ഒന്നാം തിയതി വർഷാരംഭമായി കേരളത്തിൽ ആചരിക്കുന്നത് ഒരു പക്ഷേ കൊല്ല വർഷാരംഭത്തോടെ ആയിരിക്കണം. കണിയും കൈനീട്ടവും മനസിൽ നിറഞ്ഞു നിൽക്കുന്ന ഉത്സവമാണ് വിഷു. ഓണം കഴിഞ്ഞാൽ മലയാളികൾ പ്രധാനമായും ആഘോഷിക്കുന്ന ഉത്സവമാണ് വിഷു.






# വാർഷിക പൊതു യോഗത്തിന്റെ സ്വാഗത സംഘമായി

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസി യേഷൻ ( കേരള ) വാർഷിക പൊതുയോഗം മേയ് 27 നും 28 നും തിരുവനന്തപുരം എ കെ ജി ഹാളിൽ ചേരും. വാർഷിക ജനറൽ ബോഡി യോഗത്തിന്റെ വിജയകരമായ നടത്തിപ്പിനായി ഏപ്രിൽ 6–ാം തിയതി വിളിച്ചുചേർത്ത യോഗത്തിൽ സ്വാഗത സംഘം രൂപീകരിച്ചു. യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി എ ജയകുമാർ , തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എ ആർ സോമനാഥൻ പിള്ള, സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ ജനറൽ സെക്രട്ടറി ഫിലിപ് കോശി, എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ടി ആർ രാജേഷ്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി രക്ഷാധികാരി ജോൺ ജോസഫ് എന്നിവർ സംസാരിച്ചു . സ്വാഗതസംഘം ചെയർമാനായി എം എസ് അയ്യരെയും ജനറൽ കൺവീന റായി വി എൽ ജോസഫിനെയും തെരഞ്ഞെടുത്തു .



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസി യേഷൻ (കേരള) 21-ാമത് വാർഷിക പൊതുയോഗത്തിന് മുന്നോടിയായുള്ള സ്വാഗത സംഘ രൂപീകരണയോഗം.

മൗന പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത്. എ ആർ സോമനാഥൻ പിള്ള അദ്ധ്യക്ഷത വഹിച്ചു, വി എൽ ജോസഫ് ജില്ലാ സെക്രട്ടറി സ്വാഗത പ്രസംഗത്തിൽ സംഘടനയുടെ പ്രവർത്തനം ചുരുക്കി വിശദീകരിക്കുകയും എജിഎം അവിസ്മരണീയമാക്കാനുള്ള ഓരോ അംഗങ്ങളുടെയും ഉത്തരവാദിത്തം ഓർമ്മിപ്പിക്കുകയും ചെയ്തു. തുടർന്ന് പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എ ജയകുമാർ അംഗങ്ങളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് സംഘടന ഇടപെട്ട് സഹായിച്ച മേഖലകൾ വിശദീകരിച്ചു. പിപിജി ജീവനക്കാർ കൂടുതൽ തൊഴിലാളി സൗഹൃദം പുലർത്തണമെന്നും വിരമിച്ച ജീവനക്കാർക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതിൽ അവരുടെ ജോലി വേഗത്തിലാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.. എജിഎം വൻ വിജയമാക്കാൻ എല്ലാവരുടെയും സഹായം അദ്ദേഹം അഭ്യർത്ഥിച്ചു.



സ്വാഗതസംഘം രൂപീകരണ യോഗത്തിൽ ജനറൽ സെക്രട്ടറി എ.ജയകുമാർ സംസാരിക്കുന്നു. താഴെ സദസ്സും കാണാം

എസ്ബിഐഒഎയുടെ ഡിജിഎസ് ശ്രീ രാജേഷും സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ ജനറൽ സെക്രട്ടറി ഫിലിപ്പ് കോശിയും എജിഎമ്മിന് എല്ലാ ആശംസകളും, സഹായവും വാഗ്ദാനം ചെയ്തു. തുടർന്ന് പങ്കാളിത്തത്തോടെയും സംഭാവനകളോടെയും എജിഎം അവിസ്മരണീയമാക്കണമെന്ന് രക്ഷാധികാരി ജോൺ ജോസഫ് അംഗങ്ങളോട് അഭ്യർത്ഥിച്ചു.

## സ്വാഗതസംഘം

**രക്ഷാധികാരികൾ**

1. എ ആർ സോമനാഥൻ പിള്ള, ജില്ലാ പ്രസിഡന്റ്
2. ജി ആർ ജയകൃഷ്ണൻ. ജനറൽ സെക്രട്ടറി എസ്ബിഐഒഎ, കേരള സർക്കിൾ
3. ഫിലിപ്പ് കോശി. ജനറൽ സെക്രട്ടറി എസ് ബി എസ് യു കേരള സർക്കിൾ

**സ്വാഗതസംഘം ചെയർമാൻ.**
എം സുബ്രമണ്യ അയ്യർ, ഡിജിഎസ്

**സ്വാഗതസംഘം വൈസ് ചെയർമാൻ**
കെ രാജചന്ദ്രൻ നായർ എ.ജി.എസ്. SBIPAK

**സ്വാഗതസംഘം ജനറൽ കൺവീനർ.**
ജോ സഫ് വി എൽ ജില്ലാ സെക്രട്ടറി

**സ്വാഗതസംഘം**
.എം ശ്രീപതി റാവു, കൺവീനർ
ജി രാമസ്വാമി അംഗം
ഗിരിജ കെ നായർ. അംഗം

**ധനകാര്യ സമിതി**
എസ് എ റഹ്മാൻ. കൺവീനർ
എസ് രാധാകൃഷ്ണൻ. അംഗം

**ഫുഡ് കമ്മിറ്റി**
കെ ജി രാമചന്ദ്രൻ നായർ. കൺവീനർ
എസ് വിജയകുമാരൻ നായർ. അംഗം
എ യതീന്ദ്രദാസ്. അംഗം

**സ്റ്റേജ് കമ്മിറ്റി**
ജി മധുകുമാർ. കൺവീനർ
പി വി രാധാദേവി. അംഗം
സുബ്ബലക്ഷ്മി രവി. അംഗം

**താമസ// ഗതാഗത സമിതി**
രാജശേഖർ. കൺവീനർ
ആർ ശശി. അംഗം

**പബ്ലിക് റിലേഷൻസ്, പ്രസ്സ്, മീഡിയ, പബ്ലിസിറ്റി**
എസ് സതീഷ്കുമാർ. കൺവീനർ

# എറണാകുളം ജില്ലാ ഭരണ സമിതി യോഗം



**എസ് ബി ഐ പെൻഷനേഴ്സ അസോസിയേഷൻ എറണാകുളം യൂണിറ്റ് ഭരണ സമിതി യോഗം**

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം യൂണിറ്റ് ഭരണ സമിതി യോഗം 2022 ഏപ്രിൽ മാസം 19-ാം തിയതി ചൊവ്വാഴ്ച്ച രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 1.30 വരെ എറണാകുളം, പാലാരിവട്ടം വൈ.എം.സി.എ. എ.സി.ഹാളിൽ വച്ച് നടത്തി.ജോസഫ് പാലയ്ക്കൻ, ഡി.ജി.എസ്, എ.ജി.എസ് എന്നിവരുൾപ്പടെ 18 അംഗങ്ങൾ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് റ്റി.ഒ.ജോൺ അദ്ധ്യക്ഷത വഹിച്ചു.

# തൃപ്പൂണിത്തുറ ഏരിയാക്കമ്മറ്റി ഭരണ സമിതി യോഗം ഗൂഗിൾ മീറ്റിൽ

തൃപ്പൂണിത്തുറ ഏരിയാക്കമ്മറ്റിയുടെ ഒരു ഓൺലൈൻ മീറ്റിംഗ് 30.04.2022 ശനിയഴ്ച നടന്നു.



യോഗത്തിൽ പങ്കെടുത്തവരുടെ ഒരു ദൃശ്യം




# കയറ്റുമതിയിൽ റെക്കോർഡ് കുതിപ്പുമായി ഇന്ത്യ

മാർച്ച് 31ന് അവസാനിച്ച 2021-22 സാമ്പത്തിക വർഷം രാജ്യത്ത് നിന്നുള്ള മൊത്തം കയറ്റുമതി 41,800 കോടി ഡോളറിലെത്തി (31.57ലക്ഷം കോടി രൂപ ) 43.5%വർദ്ധന. പെട്രോളിയം ഉത്പന്നങ്ങൾ, എഞ്ചിനിയറിങ് ഉത്പന്നങ്ങൾ, വിലയേറിയ കല്ലുകൾ, ആഭരണങ്ങൾ, രാസവസ്തുക്കൾ എന്നിവയുടെ കയറ്റുമതിയിലുണ്ടായ പുരോഗതിയാണ് നേട്ടത്തിനു പിന്നിൽ..

# എച്ച്ഡിഎഫ്സി ബാങ്ക് എച്ച്ഡിഎഫ്സി ലിമിറ്റഡുമായി ലയിക്കും

ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ വായ്പ ദാതാവായ എച്ച്ഡിഎഫ്സി ബാങ്ക് രാജ്യത്തെ ഏറ്റവും വലിയ ഹൗസിംഗ് ഫിനാൻസ് കമ്പനിയായ ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനുമായോ എച്ച്ഡിഎഫ്സി

ലിമിറ്റഡുമായോ ലയിച്ച് ഒരു സാമ്പത്തിക സേവന കൂട്ടായ്മ സൃഷ്ടിക്കുമെന്ന് കമ്പനികൾ 4.4.22 തിങ്കളാഴ്ച അറിയിച്ചു.




തത്ഫലമായുണ്ടാകുന്ന വലിയ ബാലൻസ് ഷീറ്റ്, വലിയ ടിക്കറ്റ് ഇൻഫ്രാസ്ട്രക്ചർ ലോണുകളുടെ അണ്ടർറൈറ്റിംഗ് അനുവദിക്കും, സമ്പദ്‌വ്യവസ്ഥയിലെ ക്രെഡിറ്റ് വളർച്ചയുടെ വേഗത ത്വരിതപ്പെടുത്തും, താങ്ങാനാവുന്ന വായ്പയുടെ ഭവനങ്ങൾ, മുൻഗണനാ മേഖലയിലേക്കുള്ള വായ്പയുടെ അളവ് എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യും. എച്ച്ഡിഎഫ്‌സി ലിമിറ്റഡ് ചെയർമാൻ ദീപക് പരേഖ് പറഞ്ഞു.

## ലയനം

ഇടപാടിന്റെ ഭാഗമായി എച്ച്ഡിഎഫ്‌സി ലിമിറ്റഡിന്റെ ഓഹരിയുടമകൾക്ക് ബാങ്കിന്റെ 25 ഓഹരികൾക്കായി 42 ഓഹരികൾ ലഭിക്കും. എച്ച്ഡിഎഫ്‌സി ലിമിറ്റഡിന്റെ നിലവിലുള്ള ഓഹരി ഉടമകൾക്ക് എച്ച്ഡിഎഫ്‌സി ബാങ്കിന്റെ 41 ശതമാനം ഓഹരിയുണ്ടാകും. ഹൗസിംഗ് ഫിനാൻസ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഓഹരികൾ ഇല്ലാതാകും, ഇത് എച്ച്ഡിഎഫ്‌സി ബാങ്കിനെ ഒരു സമ്പൂർണ്ണ പൊതു കമ്പനിയാക്കും.

എച്ച്ഡിഎഫ്‌സി ലിമിറ്റഡിന്റെ സബ്‌സിഡിയറികളും അസോസിയേറ്റ്സും എച്ച്ഡിഎഫ്‌സി ബാങ്കിലേക്ക് മാറുമെന്ന് കമ്പനികൾ റെഗുലേറ്ററി ഫയലിംഗിൽ അറിയിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ), ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്‌മെന്റ് അതോറിറ്റി (ഐആർഡിഎഐ), കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ (സിസിഐ), മാർക്കറ്റ് റെഗുലേറ്റർ സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) എന്നിവയിൽ നിന്നുള്ള ഓഹരി ഉടമകൾക്കും കടക്കാർക്കും റെഗുലേറ്ററി അനുമതികൾക്കും വിധേയമാണ് ഇടപാട്പൂർത്തീകരണം.) സ്റ്റോക്ക് എക്സ്ചേഞ്ചും. റെഗുലേറ്ററി അംഗീകാരങ്ങളും മറ്റ് ആചാരപരമായ ക്ലോസിംഗ് വ്യവസ്ഥകളും പൂർത്തിയാകുന്നതിന് വിധേയമായി 18 മാസത്തിനുള്ളിൽ ക്ലോസിംഗ് കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു, HDFC ബാങ്കും HDFC ലിമിറ്റഡും പ്രസ്താവനയിൽ പറഞ്ഞു.

എച്ച്ഡിഎഫ്‌സി ബാങ്കിന്റെയും എച്ച്ഡിഎഫ്‌സി ലിമിറ്റഡിന്റെയും സംയോജിത ഉപഭോക്തൃ അടിത്തറയുണ്ടാകും മോർട്ട്ഗേജുകൾ, സേവിംഗ്സ് അക്കൗണ്ടുകൾ, ലൈഫ് ഇൻഷുറൻസ്, ജനറൽ ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്, നിക്ഷേപ ഉൽപ്പന്നങ്ങൾ, ക്രെഡിറ്റ് കാർഡുകൾ, വ്യക്തിഗത വായ്പകൾ. എന്നിവ വർദ്ധിക്കും

## ഹോം ലോൺ

കോർപ്പറേഷൻ എച്ച്ഡിഎഫ്‌സി ബാങ്കുമായി ലയിക്കുന്നതോടെ, എച്ച്ഡിഎഫ്‌സി ബാങ്കിന് കൂടുതൽ മത്സരാധിഷ്ഠിത ഭവന ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യാൻ കഴിയുമെന്ന് എച്ച്ഡിഎഫ്‌സിയുടെ ബിഎസ്ഇ ഫയലിംഗ് പറയുന്നു.

# സെൻസെക്സ് 60,000 - നു മുകളിൽ



എച്ച്.ഡി.എഫ്.സി . ബാങ്ക് എച്ച്.ഡി.എഫ്.സി . ലിമിറ്റഡ് ലയനം നൽകിയ ഊർജത്തിൽ കുതിച്ചുകയറി ഓഹരിവിപണി . ഒരിടവേളയ്ക്കുശേഷം ബി.എസ്.ഇ. സൂചികയായ സെൻസെക്സ് 60,000 പോയൻറിനും എൻ.എസ്.ഇ. സൂചികയായ നിഫ്റ്റി 18,000 പോയന്റിനും മുകളിൽ ക്ലോസ് ചെയ്തു.. റഷ്യ യുക്രൈൻ സംഘർഷം അയഞ്ഞുതുടങ്ങിയതും വിപണിക്ക് ആത്മവിശ്വാസം നൽകുന്നുണ്ട്. ഇതോടെ കൂടുതൽ വിദേശനിക്ഷേപക സ്ഥാപങ്ങളും ഇന്ത്യൻ വിപണിയിലേക്കു വന്നുതുടങ്ങി .

30 ഓഹരികളുടെ സൂചികയായ സെൻസെക്സ് 04.04.2022 തിങ്കളാഴ്ച 1,335.05 പോയൻറ് കയറി 60,61174 പോയന്റിലാണ് ക്ലോസ് ചെയ്തത് . നിഫ്റ്റി 382.95 പോയന്റ് കയറി 18,058.40 പോയന്റിലും . പത്ത് ആഴ്ചകൾക്കുശേഷമാണ് നിഫ്റ്റി 18,000 പോയന്റ് മറികടക്കുന്നത് . തിങ്കളാഴ്ചത്തെ കുതിപ്പിൽ വിപണിയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ ആകെ മൂല്യം 4.5 ലക്ഷം കോടിരൂപ ഉയർന്ന് 272.46 ലക്ഷം കോടിയിലെത്തി. എന്നാൽ തുടർന്നുള്ള ആഴ്ച്ചകളിൽ ഈ നേട്ടം വിപണിക്ക് നിലനിർത്താനായില്ല.




# പണപ്പെരുപ്പം ഉയരുമെന്ന് റിസർവ്വ് ബാങ്ക്

## അടിസ്ഥാന നിരക്കുകളിൽ മാറ്റമില്ല

പുതിയ സാമ്പത്തിക വർഷത്തിലെ ആദ്യ പണവായ്പാ നയത്തിൽ അടിസ്ഥാന നിരക്കുകളിൽ മാറ്റമില്ലാതെ നിലനിർത്തി റിസർവ്വ് ബാങ്ക്. രാജ്യത്തെ പണപ്പെരുപ്പ അനുമാനം 5.7 ശതമാനമായി ഉയർത്തുകയും വളർച്ചാ അനുമാനം വെട്ടിക്കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. 2022–23 സമ്പത്തിക വർഷത്തിലെ സാമ്പത്തിക വളർച്ച 7.2 % മാത്രമായിരിക്കുമെന്നാണ് കരുതുന്നത്.



റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ്

# പണപ്പെരുപ്പം വെല്ലുവിളി

കോവിഡ് പ്രതിസന്ധിയിൽനിന്ന് സമ്പദ് വ്യവസ്ഥ തിരിച്ചുവന്നിട്ടുണ്ട് . അതിനിടയിലാണ് ഫെബ്രുവരി 24 ന് റഷ്യ യുക്രൈൻ യുദ്ധം പുതിയ വെല്ലുവിളിയായി വന്നത് . ഇത് ആഗോള സമ്പദ്വ്യവസ്ഥയിൽ ദ്രുതഗതിയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയത്. അസംസ്കൃത എണ്ണവില യിലെ വലിയ ചാഞ്ചാട്ടം പണപ്പെരുപ്പം പ്രവചനാതീത മാക്കുന്നതായും ഗവർണർ ശക്തികാന്തദാസ് പറഞ്ഞു . പണപ്പെരുപ്പം പരമാവധി ആറു ശതമാനം വരെ പോകാമെന്ന നിലപാടാണ് ആർ.ബി.ഐ . സ്വീകരിച്ചിട്ടു ള്ളതെങ്കിലും കഴിഞ്ഞ രണ്ടു മാസങ്ങളിലായി ഇത് അതിനു മുകളിലാണ്.

## എ.ടി.എം. വഴി കാർഡ് രഹിത ഇടപാട് വ്യാപകമാക്കും

എ.ടി.എമ്മുകളിൽ കാർഡ് സൈപ്പ് ചെയ്യാതെ പണം പിൻവലിക്കാനുള്ള സൗകര്യം എല്ലാബാങ്കുകളിലും എ.ടി.എമ്മുകളിലും നടപ്പാക്കുമെന്ന് റിസർവ് ബാങ്ക . നടപ്പു സാമ്പത്തികവർഷത്തെ ആദ്യ പണവായ്പാ നയപ്രഖ്യാപന ത്തിന്റെ ഭാഗമായാണ് ഗവർണർ ശക്തികാന്ത ദാസ് ഇക്കാര്യമറിയിച്ചത്. ഇടപാട് എളുപ്പമാക്കുന്നതിനൊപ്പം കാർഡ് സ്ലിമ്മിങ് , കാർഡ് ക്ലോണിങ് പോലുള്ള തട്ടിപ്പുകൾക്ക് തടയിടാൻ കൂടിയാണ് കാർഡുരഹിത രീതിയിൽ പണം പിൻവലിക്കാനുള്ള സംവിധാനം വ്യാപക മാക്കാൻ ആർ.ബി.ഐ. പദ്ധതിയിടുന്നത് .

## ഗൗതം അദാനിയുടെ 12,770 കോടിയുടെ വായ്പാ സമാഹരണ റിസ്ക് എസ്ബിഐ ഏറ്റെടുത്തു

വ്യവസായി ഗൗതം അദാനി നൂറ് ബില്ല്യൺ ക്ലബ്ബിൽ ഇടം നേടിയതിന് പിന്നാലെ എസ്ബിഐ 12,770 കോടി രൂപയുടെ വായ്പാസമാഹരണ റിസ്ക് ഏറ്റെടുത്തത് ചൂണ്ടിക്കാണിച്ച് സാമൂഹിക മാധ്യമങ്ങളിൽ വിമർശനം. രാജ്യത്തേയും ഏഷ്യയിലേയും ഏറ്റവും വലിയ ധനികന് എല്ലാ സംരംഭങ്ങൾക്കും പൊതു മേഖലാ ബാങ്കുകളുടെ കടം വേണമെന്നും ചങ്ങാത്തമുതലാളിത്തം അതിന്റെ പാരമ്യത്തിലാണെന്നും ആരോപിച്ചാണ് വിമർശനം. ധനസമ്പാദനത്തിന്റെ ഉത്തരവാദിത്തം എസ്ബിഐ പൂർണ മായി ഏറ്റെടുത്തെന്ന വാർത്ത വായ്പ എഴുതിത്തള്ളിയ തായി തെറ്റിദ്ധരിച്ചും സമൂഹമാധ്യമ ങ്ങളിൽ പ്രതികരണ ങ്ങളുണ്ട്.



ഗൗതം അദാനി

കഴിഞ്ഞ ചൊവ്വാഴ്ചയാണ് അദാനി ഗ്രൂപ്പിന്റെ 12,770 കോടി രൂപയുടെ വായ്പാ റിസ്ക് ഏറ്റെടുക്കുകയാണെന്ന് എസ്ബിഐ അറിയിച്ചത്. അദാനി എന്റർപ്രൈസസ്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് കീഴിലുള്ള നവി മുംബൈ ഇന്റർനാഷണൽ എയർപോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ പ്രവർത്തനത്തിന് വേണ്ടിയുള്ള തുകയുടെ സമാഹരണമാണ് എസ്ബിഐ ഏറ്റെടുത്തത്. നവി മുംബൈയിലെ ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ട നോക്കി നടത്തുന്നതിനായി രൂപീകരിച്ച കമ്പനിയാണ് എൻ .ഐ.എ.എൽ.

അദാനിയുടെ നവി മുംബൈ എയർപോർട്ട് പ്രൊജക്ടിന് വേണ്ട 12,770 കോടി രൂപ പല ബാങ്കുകളിൽ നിന്ന് സ്വരൂപിക്കാമെന്നും അതിന് കഴിയാത്ത പക്ഷം കുറവ് വരുന്ന തുകയോ അല്ലെങ്കിൽ മുഴുവന് തുകയോ കൊടുത്തുകൊള്ളാമെന്നുമാണ് എസ്ബിഐയുടെ ഉറപ്പ്

## ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെയും (ഐഒബി) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെയും സ്വകാര്യവൽക്കരണ നടപടികൾ

രണ്ട് ബാങ്കുകളും മികച്ച ത്രൈമാസ ഫലങ്ങൾ രേഖപ്പെടുത്തിയതിന് ശേഷം ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെയും (ഐഒബി) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെയും സ്വകാര്യവൽക്കരണ നടപടികൾ വേഗത്തിലാക്കാൻ കേന്ദ്രം പദ്ധതിയിടുന്നതായി ധനമന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു. സർക്കാരിന്റെ പബ്ലിക് പോളിസി തിങ്ക് ടാങ്ക് 'നിതി ആയോഗ്' ഈ രണ്ട് പിഎസ്ബികളുടെയും പേരുകൾ സ്വകാര്യവൽക്കരണ ത്തിനായി സെക്രട്ടറിമാരുടെ (സിജിഡി) കോർ ഗ്രൂപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

# ലോക പൈതൃക ദിനം



താജ്മഹൽ ഒരു വിഹഗവീക്ഷണം

## ഏപ്രിൽ 18 ലോക പൈതൃക ദിനം.

പൈതൃകം മനുഷ്യരാശിയ്ക്ക് ന്യായമായി പങ്കുവയ്ക്കപ്പെട്ട സ്വത്താണ്. ഈ വിലപ്പെട്ട സ്വത്ത് പരിരക്ഷിക്കുന്നതിനും സംരക്ഷിച്ചു നിലനിർത്തുന്നതിനും അന്താരാഷ്ട്ര സമൂഹത്തിന്റെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഈ പ്രത്യേകദിനം സാംസ്കാരിക പൈതൃകത്തിന്റെ വൈവിധ്യത്തെക്കുറിച്ചും അതിനെ പരിരക്ഷിക്കുന്നതിനും സംരക്ഷിച്ചു നിലനിർത്തുന്നതിനുമുള്ള ശ്രമങ്ങളെ കുറിച്ചും പൊതുജനങ്ങളുടെ അവബോധം വളർത്തുന്നതിനും അതോടൊപ്പം അതിന്റെ ദുർബലതയിലേക്ക് ശ്രദ്ധ ആകർഷിക്കുന്നതിനും അവസരമൊരുക്കുന്നു.

1982 ഏപ്രിൽ 18 ന് ടുണീഷ്യയിൽ ICOMOS സംഘടിപ്പിച്ച ഒരു സിമ്പോസിയത്തിന്റെ അവസരത്തിൽ, "സ്മാരകങ്ങൾക്കും സൈറ്റുകൾക്കുമുള്ള അന്താരാഷ്ട്ര ദിനം" ലോകമെമ്പാടും ഒരേസമയം ആഘോഷിക്കാൻ നിർദ്ദേശിച്ചു. ഈ ദിവസം എങ്ങനെ സംഘടിപ്പിക്കണം എന്നതിനെക്കുറിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ദേശീയ കമ്മിറ്റികൾക്ക് നൽകിയ എക്സിക്യൂട്ടീവ് കമ്മിറ്റി ഈ പ്രോജക്റ്റ് അംഗീകരിച്ചു.



പഴമകളുടെ അവശേഷിപ്പുകൾ പുതു തലമുറകൾക്കായി സംരക്ഷിച്ച് കൈമാറണം

1983 നവംബറിലെ 22-ാമത് സെഷനിൽ യുനെസ്കോ ജനറൽ കോൺഫറൻസ് ഈ ആശയം അംഗീകരിച്ചു, എല്ലാ വർഷവും ഏപ്രിൽ 18 "അന്താരാഷ്ട്ര സ്മാരകങ്ങളുടെയും സൈറ്റുകളുടെയും ദിനം" ആയി പ്രഖ്യാപിക്കുന്നതിനുള്ള സാധ്യത അംഗരാജ്യങ്ങൾ പരിശോധിക്കണമെന്ന് ശുപാർശ ചെയ്തു. ഇതിനെ പരമ്പരാഗതമായി ലോക പൈതൃക ദിനം എന്ന് വിളിക്കുന്നു.

# സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2022 ഏപ്രിൽ മാസത്തിലെ ഭരണ സമിതി യോഗം 8 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. വി.കെ.പ്രഭാകരൻ (ഓൺലൈൻ)
6. കെ.എൻ.വിശ്വനാഥൻ നായർ
7. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി(ഓൺലൈൻ)
8. എൻ.സി.മാത്യു
9. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
10. ശ്രീമതി. റൈസാ ബീഗം (ഓൺലൈൻ)

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ്, കണക്കുകൾ വിശദമായി യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.

# ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2022 ഏപ്രിൽ മാസത്തിലെ നറുക്കെടുപ്പ് 8-ാം തീയതി വെള്ളിയാഴ്ച്ച നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്സ്യാമ്മ ആന്റണി യോഗത്തെ അറിയിച്ചു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VIII | 100,000 | 196 | കെ.കെ.കുര്യൻ |
| 2 | IX | 25000 | 216 | സി.കെ.ജോസഫ് |
| 3 | X | 100,000 | 235 | കെ.എൻ.വിശ്വനാഥൻ നായർ |
| 4 | XI | 100,000 | 253 | ടോമി വർഗീസ് |
| 5 | XII | 100,000 | 294 | ജോസ് മാത്യു |
| 6 | XIII | 100,000 | 000 | കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 |

നറുക്ക് ലഭിച്ചവർക്ക് 2022 മേയ് മാസം 13–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 12–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

10 എ ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ 10നും അപേക്ഷിച്ച ഓഹരികൾ അനുവദിക്കുന്നതിനും “എ” ക്ലാസ് അംഗത്വം നല്കുന്നതിനും തീരുമാനിച്ചു.

**പുതിയ അംഗങ്ങൾ :–**

1.ഉഷാകുമാരി.കെ.എം.
2. ആനിക്കുട്ടി കുരിയാക്കോസ്
3.ആർ.തങ്കപ്പൻ
4. സ്റ്റീഫൻ ചെറിയാൻ.സി.പി.
5. ഇന്ദിരാദേവി.ആർ.
6. ജോർജ്ജ്.റ്റി.ജി.
7. പ്രസന്നകുമാർ എൻ. എസ്
8. ജാനമ്മ.റ്റി.ജി.
9. ജോർജ്ജ് ജോസഫ്. കെ.
10. സണ്ണി ജോസഫ് വെട്ടം

### സി ക്ലാസ്സ്

3 “സി” ക്ലാസ് അംഗത്വത്തിന് ഇത്തവണ അപേക്ഷകർ പരിഗണിച്ചതിൽ 3നും അംഗത്വം നല്കുന്നതിന് തീരുമാനമായി.

**പുതിയ സി.ക്ലാസ്സ് അംഗങ്ങൾ :-**

1. ജോർജ്ജ് മാത്യു
2. ശ്രീനിവാസ്.എം.ജി.
3. ലൈലമ്മ ജോസഫ്

## പുതിയ ജി.ഡി.സി.എസ് കുറികൾ

2500 രൂപ വീതം 40 പ്രതിമാസ തവണകൾ വരുന്ന ഒരു ലക്ഷം രൂപായുടെ ജി.ഡി.സി.എസ് കുറികൾ ആരംഭിക്കുന്നതിന് യോഗം അനുമതി നല്കി.

## അടിയന്തിരാവശ്യങ്ങൾക്ക് വായ്പ

സ്കൂൾ/കോളേജ് അഡ്മിഷൻ, ഇൻഷ്വറൻസ് പുതുക്കൽ, അപകടങ്ങൾ, മരണം തുടങ്ങിയ അത്യാവശ്യ ഘട്ടങ്ങളിൽ സഹായിക്കന്നതിന് വായപ എടുത്തിട്ടുള്ള അംഗങ്ങൾക്ക് 25000 രൂപയുടെ അടിയന്തിര വായ്പ കൂടി നിലവിലെ വ്യവസ്ഥകൾ പാലിച്ച് അനുവദിക്കാൻ തീരുമാനമായി.

## ജി.ഡി.സി.എസ് കുറി തുടങ്ങുന്നു

ഒരു ലക്ഷം രൂപ .
സല വരുന്നതും 4000 രൂപയുടെ 25 മാസ തവണകളും ആയ XIII മത് ജി.ഡി.സി.എസ് കുറി തുടങ്ങുന്നു . ആദ്യത്തെ തവണയായ 4000 രൂപ ചേർന്നവരുടെ അക്കൗണ്ടിൽ നിന്ന് 28 04 2022ന് സ്റ്റാന്റിംഗ് ഇൻസ്ട്രക്ഷൻ പ്രകാരം കുറവ് വരുമെന്ന് അറിയിക്കുന്നു . SI സെറ്റ് ചെയ്തതിന്റെ മെസ്സേജ് ഇതിനകം വന്നു കാണും.
ജി.ഡി.സി.എസ് കുറിയുമായി ബന്ധപ്പെട്ട SI ആണ് എന്ന് ഓർമ്മിപ്പിക്കുന്നു.
സെക്രട്ടറി

## X1V–ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

2500 രൂപ വീതം 40 പ്രതിമാസ തവണകൾ വരുന്ന ഒരു ലക്ഷം രൂപായുടെ പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണിയെ വിളിക്കുക. 9446322416



ത്രേസ്യാമ്മ ആന്റണി .

# ഒരു ആസ്ട്രേലിയൻ യാത്ര - ഭാഗം - 8

(മുൻ ലക്കത്തിൽ നിന്നും തുടർച്ച........)



കെ.എൻ. വിശ്വനാഥൻ നായർ,
കോട്ടയം ജില്ലാ പ്രസിഡന്റ്

ആസ്ട്രേലിയയിൽ വളർത്തുമൃഗങ്ങൾ ജീവിതത്തിന്റെ ഒരു ഭാഗം തന്നെയാണ്. കുടുംബത്തിന് തത്തകൾ പോലെയുള്ള തൂവൽ വളർത്തുമൃഗങ്ങൾ ആകർഷകമായ പരിവേഷം പകരുന്നു. . ആസ്ട്രേലിയയിലെ ദശലക്ഷക്കണക്കിന വീടുകളിൽ വളർത്തുപക്ഷികൾ ഉണ്ടെന്ന് സമീപകാല കണക്കുകൾ പറയുന്നു. തങ്ങളുടെ വളർത്തുമൃഗങ്ങളെ വളരെ .ശ്രദ്ധയോടെ പരിചരിച്ച് പരിശീലിപ്പിച്ച് ബുദ്ധിയും സൗമ്യതയുമുള്ള കൂട്ടാളികളാക്കുന്നു.



ഇണങ്ങിയ തത്ത ലേഖകന്റെ കൈകളിൽ വന്നിരുന്നപ്പോൾ

നായകളും, പൂച്ചകളും, പക്ഷികളും, മീനുകളും മറ്റും വളർത്തുന്നു എങ്കിലും വീടുകളിൽ കുറഞ്ഞത് രണ്ടു കാറുകളെങ്കിലും ഉള്ളതു പോലെ രണ്ടു നായകളെങ്കിലും ഉണ്ടായിരിക്കും.



നായകൾ പാർക്കിൽ കണ്ടുമുട്ടിയപ്പോൾ

ലോകത്തെവിടെയും കാണപ്പെടുന്ന ഇനം നായകളെ ഇവിടെ കാണാം. ജർമ്മൻ ഷെപ്പേർഡ്, ലാബ്രഡോർ ,ബുൾഡോഗ്, ഹസ്കി, ഡാൽമേഷിയൻ, ആസ്ട്രേലിയൻ ഷെപ്പേർഡ്, ഓസീ ഡൂഡിൽ, ഗോൾഡൻ റിട്രീവർ, പോമറേനിയൻ, ബോർഡർ കൂലി, ബോക്സർ , പൂഡിൽ, പഗ്ഗ് തുടങ്ങി വലുതും ചെറുതുമായ എല്ലാ ഇനങ്ങളേയും പാർക്കിൽ നടക്കാൻ വരുന്നവർ കൊണ്ടു വരുമ്പോൾ കാണാം. യാത്ര പോകുമ്പോൾ നായകളെ കാറിന്റെ പിൻസീറ്റിൽ ഇരുത്തിയാണ് യാത്രകൾ. ഇവിടെ മിക്ക സ്ഥലങ്ങളിലും നായകൾക്ക് പ്രവേശനം ഉണ്ട്.




മാളുകളിലും പാർക്കുകളിലും നായകൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്, ഇല്ല എങ്കിൽ നായകൾക്ക് പ്രവേശനം ഇല്ല എന്ന് പ്രത്യേകം ബോർഡ് പ്രദർശിപ്പിച്ചിരിക്കും. നായകൾ എവിടെ എങ്കിലും കാഷ്ഠിച്ചാൽ കയ്യിൽ ഒരു ഗ്ലൗസ് ഇട്ട ശേഷം കാഷ്ഠം എടുത്ത് ഗ്ലൗസ് ഊരി മറിച്ച് കവറു പോലെയാക്കി കെട്ടിട്ട ശേഷം ബിന്നിൽ നിക്ഷേപിക്കും. എല്ലാ നായ്ക്കളും വളരെ നന്നായി ട്രെയിനിംഗ് നേടിയവയാണ്. മറ്റു നായ്ക്കളെ കണ്ടാലോ, പരിചയമില്ലാത്ത ആളുകളെ കണ്ടാലോ ഒരു പ്രശ്നവും ഉണ്ടാക്കുകയില്ല,



വിവിധ ഇനം നായകൾ പാർക്കിൽ

മാത്രമല്ല നല്ല സൗഹൃദത്തിലും ആയിരിക്കും. നമ്മൾക്ക് ഒന്ന് നായകളെ ഓമനിക്കണം എന്നു തോന്നിയാൽ ഉടമസ്ഥർ നായകളെ അവിടെ നിർത്തി അവയെ പരിചയപ്പെടുത്തും.

പൂച്ചകൾ ആണെങ്കിൽ നല്ല രോമമുള്ള ഇനം ഓമനത്തമുള്ള വ. അവയും നല്ല ട്രെയിനിംഗ് നേടിയവ. അവയ്ക്കായി നൽകിയിട്ടുള്ള ട്രേകളിൽ മാത്രമേ കാഷ്ഠിക്കുകയുള്ളൂ.

1788 - ൽ ആദ്യത്തെ യൂറോപ്യൻ കുടിയേറ്റക്കാർക്കൊപ്പം പൂച്ചകൾ ഓസ്ട്രേലിയയിൽ എത്തി. 70 വർഷത്തിനുള്ളിൽ പൂച്ചകൾ രാജ്യത്തുടനീളം വ്യാപിച്ചു; ഓസ്ട്രേലിയയുടെ മൊത്തം ഭൂവിസ്തൃതിയുടെ 99.9 ശതമാനവും ഇപ്പോൾ

പൂച്ചകൾ വസിക്കുന്നു. ഓസ്‌ട്രേലിയയിലെ പൂച്ചകൾ പ്രതിവർഷം രണ്ട് ബില്യൺ മൃഗങ്ങളെ കൊല്ലുന്നു. ഭൂഖണ്ഡത്തിൽ അവതരിപ്പിച്ച് വെറും 230 വർഷങ്ങൾക്കുള്ളിൽ, സഹസ്രാബ്ദങ്ങളായി ജീവിച്ചിരുന്ന ഒരു ഡസനിലധികം ഇനങ്ങളെ കാട്ടുപൂച്ചകൾ നശിപ്പിക്കുകയും മറ്റുള്ളവരെ വംശനാശത്തിന്റെ വക്കിലേക്ക് തള്ളിവിടുകയും ചെയ്തു. ഓസ്‌ട്രേലിയയിൽ 'പൂച്ചകളില്ലാതെ കഥകളില്ല

## അബിസീനിയൻ ഇനം പൂച്ച



മോഹിപ്പിക്കുന്ന അബിസീനിയൻ ഇനം പൂച്ച

അറിയപ്പെടുന്ന ഏറ്റവും പഴയ ഓസ്‌ട്രേലിയൻ ഇനങ്ങളിൽ ഒന്നായി അബിസീനിയൻ ഇനം പൂച്ചകളെ കണക്കാക്കാമെന്ന് തോന്നുന്നു. മനോഹരമായ ഒരു 'കാട്ടുപൂച്ച' രൂപഭാവം സൃഷ്ടിക്കുന്ന അബിസീനിയൻസ് കാഴ്ചയിൽ ശ്രദ്ധേയമായ ഇനമാണ്. സൗഹൃദവും കളിയും ആണ് വർണ്ണാഭമായ വ്യക്തിത്വങ്ങൾക്ക് പേരുകേട്ട അബിസീനിയൻ ഇനം പൂച്ചകളുടെ തനതു സ്വഭാവം:

# ഓസ്‌ട്രേലിയൻ മിസ്റ്റ്

സ്‌പോട്ടഡ് മിസ്റ്റ് എന്നറിയപ്പെട്ടിരുന്ന ആസ്ത്രേലിയൻ മിസ്റ്റ് "മെയ്ഡ് ഇൻ ഓസ്‌ട്രേലിയ" എന്ന ലേബൽ അർഹിക്കുന്നുവെന്ന് അഭിമാനത്തോടെ പറയാം.



വാത്സല്യമുള്ള ഓസ്‌ട്രേലിയൻ മിസ്റ്റ്

വീട്ടിൽ വളർത്തിയെടുത്ത ഈ സുന്ദരിയുടെ കോട്ടിന് പ്രത്യേക മൂടൽമഞ്ഞിന്റെ രൂപവും പച്ചനിറത്തിലുള്ള കണ്ണുകളും ഉണ്ട്. കളിയും സൗഹൃദവും വാത്സല്യവുമുള്ള ഈ ഇനം കൊച്ചുകുട്ടികൾ മുതൽ നായ്ക്കൾ പോലുള്ള മറ്റ് വളർത്തുമൃഗങ്ങൾ വരെ എല്ലാവരുമായും ഒത്തുചേരുന്നു, ഇത് കുടുംബങ്ങൾക്ക് അനുയോജ്യമാക്കുന്നു

## പേർഷ്യൻ പൂച്ചകൾ



പേർഷ്യൻ

സൗമ്യവും ശാന്തവുമായ വ്യക്തിത്വങ്ങൾ, മധുരമുള്ള മുഖങ്ങൾ, വൃത്താകൃതിയിലുള്ള കണ്ണുകൾ എന്നിവയ്ക്ക് പേരുകേട്ട പേർഷ്യൻ പൂച്ചകൾ വാത്സല്യവും ശാന്തവും മനോഹരവുമായ ശീലമുള്ള ജീവികളാണ്, ഇത് അവയെ ഒരു ജനപ്രിയ ഇനമാക്കി മാറ്റുന്നു. വിശ്രമവും വാത്സല്യവുമുള്ള വ്യക്തിത്വമുള്ള അവർ ഒരു മടിത്തട്ടിലെ പൂച്ചയുടെ പ്രതിരൂപമാണ്.

# റാഗ്ഡോൾ

റാഗ്ഡോൾ ശാന്തവും സൗമ്യവും വലിപ്പമേറിയവയു മായ പൂച്ചയാണ്. അതിന്റെ പ്ലഷ് പോലെയുള്ള രൂപവും വലിയ വലിപ്പവും ഇതിനെ ഏറ്റവും വലുതും ജനപ്രിയവുമായ പൂച്ച ഇനങ്ങളിൽ ഒന്നാക്കി മാറ്റുന്നു. അവ അവരുടെ ആളുകളെ സ്നേഹിക്കുന്നു, വാതിൽക്കൽ അവരെ അഭിവാദ്യം ചെയ്യുന്നു, വീടിനു ചുറ്റും അവരെ പിന്തുടരുന്നു, അവസരം ലഭിക്കുമ്പോഴെല്ലാം മടിയിൽ ചാടുകയോ കിടക്കയിൽ പതുങ്ങിക്കിടക്കുകയോ ചെയ്യുന്നു.



ഏറ്റവും വലുതും ജനപ്രിയവുമായ ഇനങ്ങളിൽ ഒന്നാണ് റാഗ്ഡോൾ പൂച്ച



ആനന്ദ നിർവൃതിയിൽ ഒരുച്ച മയക്കം

## ഒരിക്കൽ കൂടി ബാക്കസ് മാർഷിലേയ്ക്ക്

പിന്നീട് പാർക്കുകളിലേയ്ക്കും, വൈകുന്നേരം ഡിന്നർ കഴിക്കുവാൻ പറ്റിയ റസ്റ്റോറന്റുകളിലേയ്ക്കും മറ്റുമുള്ള ചെറിയ യാത്രകൾ മാത്രം. കഴിഞ്ഞ പ്രാവശ്യം ആഗ്രഹിച്ചതുപോലെ ഒരിക്കൽ കൂടി ബാക്കസ് മാർഷിലേയ്ക്ക്. മാർച്ച് ആദ്യവാരത്തിലായിരുന്നു ആ യാത്ര. ആപ്പിൾ, നെക്ടറിൻ തുടങ്ങിയവയുടെ സീസൺ ആയിരുന്നു. കൗണ്ടറിൽ നിന്നും ബോക്സുകൾ വാങ്ങി ആപ്പിൾ പിക്കിംഗിനായി നീങ്ങി. റെഡ് ആപ്പിളും ഗ്രീൻ ആപ്പിളും വിളഞ്ഞു നില്ക്കുന്നു. പക്ഷികളുടെ ശല്യം ഒഴിവാക്കുവാനായി തോട്ടങ്ങളുടെ മുകൾ ഭാഗവും വശങ്ങളും വല ഉപയോഗിച്ച് സംരക്ഷിച്ചിരിക്കുന്നു.

ആദ്യം ഗ്രീൻ ആപ്പിൾ പിക്കിംഗിനായി തീരുമാനിച്ചു. ആദ്യ രണ്ടു നിരകളിലും നല്ല പഴുത്ത ഗ്രീൻ ആപ്പിളുകൾ കാണാതിരുന്നതിനാൽ അടുത്ത ലൈനിലേയ്ക്ക് കടന്നു.



സ്റ്റൂളിൽ കയറി നിന്ന് നല്ല ഗ്രീൻ ആപ്പിളുകൾ പറിച്ച് ബോക്സ് നിറക്കുകയും, തിന്നുകയും ചെയ്തു. ആപ്പിളിന്റെയും ഡോക്ടർമാരുടെയും ഭാഷാശൈലിക്ക് കാലത്തിന്റെ തുടക്കത്തോളം തന്നെ പഴക്കമുണ്ട്. അതേ രീതിയിൽ, പല സ്ത്രീകളും ഗർഭകാലത്ത് പച്ച ആപ്പിൾ കഴിക്കുന്നത് ആരോഗ്യകരമായ കാര്യമായി കരുതുന്നു.. ഗർഭകാലത്ത് ഗ്രീൻ ആപ്പിൾ ജ്യൂസ് പല ഗർഭിണികളായ അമ്മമാരും നല്കുവാൻ നിഷ്കർഷിക്കുന്നു. രുചിയിൽ അൽപ്പം പുളിയുള്ള ഇവ പാചകത്തിനാണ് കൂടുതലായി ഉപയോഗിക്കുന്നത്. എന്നിരുന്നാലും, അവ പച്ചയായി കഴിക്കുവാനും ആസ്വദിക്കാനും കഴിയും. മികച്ച ദഹനം, ആരോഗ്യമുള്ള ചർമ്മം, ഡിഎൻഎ കേടുപാടുകൾ തടയൽ തുടങ്ങിയ നിരവധി നേട്ടങ്ങൾ ലഭിയ്ക്കുമത്രേ. ഗർഭിണിയായിരിക്കുമ്പോൾ അവ കഴിക്കുന്നത് എത്ര അത്ഭുതകരമാണെന്ന് ഇത് കാണിക്കുന്നു.

അടുത്തതായി റെഡ് ആപ്പിളുകൾ നിറഞ്ഞ തോട്ടത്തിലേയ്ക്ക് നടന്നു.



റെഡ് ആപ്പിൾ പാകമായി നില്ക്കുന്നു

'ദിവസം ഒരു ആപ്പിൾ ഡോക്ടറെ അകറ്റി നിർത്തുന്നു' എന്ന പഴഞ്ചൊല്ലിന് അക്ഷരാർത്ഥത്തിൽ നേരായ, വളരെ ശരിയായ, അർത്ഥം - പഴങ്ങൾ കഴിക്കുന്നത് നല്ല ആരോഗ്യം നിലനിർത്തുന്നു' എന്നാണ്.



റെഡ് ആപ്പിളുകൾ

ഏക്കറുകണക്കിന് റെഡ് ആപ്പിളുകൾ നിറഞ്ഞ തോട്ടം. സ്റ്റൂളിൽ കയറിനിന്ന് നല്ല വിളഞ്ഞ റെഡ് ആപ്പിളുകൾ പറിച്ച് ബോക്സ് നിറച്ചു. നല്ല മധുരമുള്ളവ ഇടയ്ക് കഴിക്കുകയും ചെയ്തു.

## നെക്റ്ററൈൻസ്





പിന്നീട് നെക്ടറിൻ തോട്ടത്തിലേയ്ക്ക്. നെക്റ്ററൈൻസ് (*പ്രൂണസ് പെർസിക്ക var. nucipersica*) ഒരു രുചികരമായ വേനൽക്കാല പഴമാണ്. സാങ്കേതികമായി ഒരു തരം പീച്ച് (*പ്രൂണസ് പെർസിക്ക*), അവയ്ക്ക് അവ്യക്തമായ തൊലിയ്ക്ക് പകരം മിനുസമാർന്നതും തിളങ്ങുന്നതുമായ തൊലിയുണ്ട്.. വാസ്തവത്തിൽ, ഈ പഴത്തിന്റെ വർദ്ധിച്ചുവരുന്ന ജനപ്രീതി കാരണം, ചില ഭാഗങ്ങളിൽ പീച്ച് തോട്ടങ്ങൾക്ക് പകരമായി നെക്റ്ററൈൻ തോട്ടങ്ങൾ അതിവേഗം സ്ഥാനം പിടിക്കുകയാണ്. പേരു പോലെ തന്നെ തേനിന്റെ സ്വാദുള്ള നെക്ടറിൻ അധിക ദിവസം സൂക്ഷിച്ചു വയ്ക്കുന്നതിനു കഴിയാത്തതിനാൽ കുറച്ചു മാത്രമേ ശേഖരിച്ചുള്ളൂ. ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഓർമ്മകളുമായി വീട്ടിലേയ്ക്കു മടങ്ങി.

(തുടരും.........)




# നർമ്മ വീഥി

**ഒരു പറിപ്പുമില്ലാത്ത ഒരച്ഛനും വിദ്യാസമ്പന്നനായ മകനും കൂടി ഒരു ടൂർ പോയി.**

രാത്രിയായപ്പോൾ അവരവിടെ ടെന്റ് ഉണ്ടാക്കി, അതിൽ കിടന്നു ഉറക്കമായി.
ഏതാനും മണിക്കൂറുകൾക്ക് ശേഷം അച്ഛൻ മകനെ വിളിച്ചു ചോദിച്ചു...
"മേലോട്ട് നോക്ക്
നീ എന്തെങ്കിലും കാണുന്നുണ്ടോ...?
മകൻ: ഉം.... കോടാനുകോടി നക്ഷത്രങ്ങളെ കാണാം....
അച്ഛൻ: എന്താ അതിനർത്ഥം...?
മകൻ : ശാസ്ത്രീയമായി പറയുകയാണെങ്കിൽ കോടാനുകോടി സൗരയുധങ്ങൾ... അതിന്റെ ഗ്രഹങ്ങൾ..., അതിന്റെ ഉപഗ്രഹങ്ങൾ...
ഇത്രയുമായപ്പോൾ അച്ഛൻ മകനെ ഒറ്റയടി......!!!!എന്നിട്ട് പറഞ്ഞു ......
ഒലക്ക...!!!!!
"നമ്മുടെ ടെന്റ് ആരോ അടിച്ചോണ്ട് പോയടാ...!

# കൗതുക വാർത്തകൾ




## വിഷത്തോട്ടം

ഇംഗ്ലണ്ടിലെ നോർത്തംബർലാൻഡിലെ അലൻവിക്ക് പട്ടണത്തിൽ അലൻവിക്ക് കാസിലിനോട് ചേർന്നുള്ള ഔപചാരിക പൂന്തോട്ടങ്ങളുടെ ഒരു സമുച്ചയമാണ് അലൻവിക്ക് ഗാർഡൻ. ഏക്കർ കണക്കിന് വർണ്ണാഭമായ ചെടികളും സുഗന്ധമുള്ള റോസാപ്പൂക്കളുമുള്ള അലൻവിക്ക് ഗാർഡൻ നോർത്ത് ഇംഗ്ലണ്ടിന്റെ പ്രത്യേക ആകർഷണമാണ്. എന്നാൽ അതേ പരിസരത്ത്, ലോകത്തിലെ ഏറ്റവും വിഷമുള്ള ചില സസ്യങ്ങൾ ഇരുമ്പ് ഗേറ്റുകൾക്ക് പിന്നിൽ സൂക്ഷിച്ചിരിക്കുന്നു. ചെടികൾ വളരെ വിഷമുള്ളതാണ്, ഇവ പുറത്തുവിടുന്ന വിഷ പുകകളുടെ മണം മാത്രം ശ്വസിച്ചാൽ പോലും ആളുകൾ അബോധാവസ്ഥയിലാകും. ഈ വിഷപ്പുകകൾക്ക് മാരക ശക്തിയാണുള്ളത്.




വിഷത്തോട്ടത്തിലേക്കുള്ള പ്രവേശന കവാടം

നോർത്തംബർലാൻഡിലെ പ്രഭുക്കന്മാരുടെ കീഴിൽ ഈ പൂന്തോട്ടങ്ങൾക്ക് ഒരു നീണ്ട ചരിത്രമുണ്ട്, പക്ഷേ 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പുനരുജ്ജീവിപ്പിക്കുന്നതുവരെ അവ നശിച്ചുകൊണ്ടിരിക്കുകയായിരുന്നു.
പൂന്തോട്ടത്തിൽ ഇപ്പോൾ ഒരു കേന്ദ്ര ജല കാസ്കേഡിന് ചുറ്റും രൂപകൽപ്പന ചെയ്തിരിക്കുന്ന വിവിധ തീം നടീലുകൾ ഉണ്ട്. ഈ പൂന്തോട്ടം ഇപ്പോൾ ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലാണ്. എന്നിരുന്നാലും നോർത്തംബർലാൻഡിലെ 12-ാമത്തെ ഡ്യൂക്ക് 42 ഏക്കർ (17 ഹെക്ടർ) സ്ഥലം സംഭാവന ചെയ്യുകയും പുനർവികസന ചെലവുകൾക്കായി £9 മില്യൺ സംഭാവന ചെയ്യുകയും ചെയ്തു.

2005 ഫെബ്രുവരിയിൽ ലഹരിയും വിഷം നിറഞ്ഞതുമായ ഒരു പൂന്തോട്ടം കൂട്ടി ചേർത്തു. മറ്റ് പൂന്തോട്ടങ്ങളിൽ നിന്ന് വ്യത്യസ്തമായ എന്തെങ്കിലും പൂന്തോട്ടത്തിന് ഉണ്ടാകണമെന്ന് ആഗ്രഹിച്ച ഡ്യൂക്ക് തന്നെയാണ് ഈ പൂന്തോട്ടത്തെ കുറിച്ച് ഇപ്രകാരം ചിന്തിച്ചത്. ഇപ്പോൾ ആളുകൾ പൂന്തോട്ടങ്ങൾ സന്ദർശിക്കുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ഈ വിഷത്തോട്ടമാണ്.



കഞ്ചാവ് ചെടി

കഞ്ചാവ്, കൊക്കൈൻ, ഓപിയം, പോപ്പി, പപ്പാവർ, സോംനിഫെറം എന്നിവ പ്രത്യേകം നട്ട് പിടിപ്പിച്ചത് ദൃഷ്ടാന്തമാക്കിയുള്ള മയക്കുമരുന്ന് വിദ്യാഭ്യാസവും വിഷത്തോട്ടത്തിന്റെ ദൗത്യത്തിൽ ഉൾപ്പെടുന്നു.

## മിച്ചിലോട്ട് മാധവൻ



ഹിറ്റ്ലറുടെ തേർവാഴ്ചക്കാലത്ത് ഫ്രഞ്ച് നാസി പട്ടാളം കൊല ചെയ്ത മയ്യഴിക്കാരനായ മിച്ചിലോട്ട് മാധവൻ എന്ന കമ്മ്യൂണിസ്റ്റ്; ഒരു അപൂർവ ചിത്രം




# വായനക്കാർ എഴുതുന്നു




Dear M.G.R,

**आप और आप के परिवार को नववर्ष विक्रम संवत २०७९ एवं नवरात्रौ की हार्दिक शुभ कामनाएँ। प्रभु आपको उत्तम स्वास्थ्य एवं दीर्घायु प्रदान करे। Thank you for the beautiful OASIS. Greetings on this pious occasion of Ugaadi, Gudi Padwa, Nav Varsh, Vishu, Chaitra Sukhladi Navrathri, Puthandu, Thapna, Sajubu,**

**ॐ सर्वे भवन्तु सुखिनः. सर्वे सन्तु निरामयाः।**

**सर्वे भद्राणि पश्यन्तु. मा कश्चिद्दुःखभाग्भवेत्।**

**ॐ**

Ravindra Gupta,

General Secretary, S.B.O.A. Delhi Circle

# യാത്രയയപ്പ്

## 2022ഏപ്രിൽ മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,
35 പേരാണ്. 2022 ഏപ്രിൽ അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. ജീവിതത്തിന്റെ ഒരു ഭാഗമായിരുന്ന വലിയ ഒരു ബാങ്കിങ് പ്രസ്ഥാനത്തോട് ഇന്ന് വിട പറയുന്നു . യാത്ര അയപ്പ് സമ്മേളനങ്ങളിൽ സാക്ഷികളാകണമെന്നു നിങ്ങളുടെ സീനിയർസ് ആയ ഞങ്ങൾക്ക് എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു പക്ഷേ എല്ലാവർക്കും അതിന് സാധിച്ചെന്ന് വരുകയില്ല .
ഇത്ര നാളും സജീവമായി ഔദ്യോഗിക രംഗത്ത് പ്രവർത്തിച്ചിരുന്നവർക്ക് പെട്ടെന്ന് ഒരു ശൂന്യതാ ബോധവും ആലസ്യവും തോന്നാനിടയുണ്ട്. എന്നാൽ ഏറെ ക്രിയാത്മകവും ആത്മസംതൃപ്തിയേകുന്നതു മായ, തങ്ങളുടേത് മാത്രമായ, തിരക്കേറിയ പ്രവർത്തി മണ്ഡലം നമ്മളെ കാത്തിരിക്കുന്നുവെന്നതാണ് വാസ്തവം. ഏറ്റവും പ്രിയപ്പെട്ട മനസ്സിനിണങ്ങിയ വിനോദവ്യത്തികളിലേർപ്പെടുവാനും, വിനോദയാത്ര കൾ, ആഘോഷങ്ങൾ എന്നിവകൾ നടത്തുവാനും ഒത്തുചേരലിലുമെല്ലാം സജീവമാകുവാനും പോവുക യാണ് ഇനി.

ഓർക്കുക, ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് നമുക്കൊരുമിച്ച് നില്ക്കാം. സ്വാഗതം! എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.
സസ്നേഹം



. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കോട്ടയം

## പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കോട്ടയം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലെ വിഡാൽ ഹെൽത്ത് ഇൻഷുറൻസ് എക്സിക്യൂട്ടീവ് മിസ്സ്.റ്റിന്റായ് ക്ക് പകരം ശ്രീമതി. ബിന്ദ്യ നിയമിതയായി. 25-04-2022 തിങ്കളാഴ്ച്ച മുതൽ ബിന്ദ്യ ചാർജ് എടുക്കും
അവരുടെ മൊബൈൽ നമ്പർ MOB:79-94654808 ആണ്.

ഇമെയിൽ ഐഡി sbikottayam@vidalhealthtpa.com

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കോട്ടയം

## വിരമിക്കുന്നവർ

എല്ലാവരുടേയും ഫോട്ടോകൾ സമാഹരിക്കാൻ കഴി യാത്തതിൽ ഖേദിക്കുന്നു. ലഭ്യമായവ ഇതോടൊപ്പം ചേർക്കുന്നു.

1. റോസി പോൾ ചക്കിയാത്ത് ചീഫ് അസ്സോസിയേറ്റ് കൊമ്മാടി ആലപ്പുഴ
2. സാജു.പി,എം. അസിസ്റ്റന്റ് മാനേജർ എൻ.എച്ച്.47 ആലപ്പുഴ
3. ഓമനക്കുട്ടി.എൽ. ഹെഡ് മെസ്സഞ്ജർ ആർ.ബി.ഒ.4 ആലപ്പുഴ
4. രമാദേവി.എം.ആർ.,സ്പെഷ്യൽഅസ്സോസിയേറ്റ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് എറണാകുളം
5. രവീന്ദ്രൻ കരുണാകരൻ ചീഫ് മാനേജർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് എർണാകുളം
6. ഗണേഷ്.എൻ. ചീഫ് മാനേജർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് കോട്ടയം
7. മിനി.കെ.തോമസ് ചീഫ് അസ്സോസിയേറ്റ് ആലുവ
8. മേരി ജാൻസി.പി.ജെ. ചീഫ് അസ്സോസിയേറ്റ് കൊച്ചി
9. ലക്ഷ്മി.വി.എൻ. അസിസ്റ്റന്റ് മാനേജർ എറണാകുളം
10. കാത്ലീൻ മണലി ചീഫ് അസ്സോസിയേറ്റ് . ഗ്ലോബൽ എൻ.ആർ.ഐ.സെന്റർ എറണാകുളം
11. ശോഭന.പി. ചീഫ് മാനേജർ എൽ.സി.പി.സി. എറണാകുളം
12. ജോസ്.ഇ.ജെ. സീനിയർ അസ്സോസിയേറ്റ് നോർത്ത് കുത്തിയതോട് എറണാകുളം
13. മോളി സെബാസ്റ്റ്യൻ ഡെ. മാനേജർ നെടിയശാല
14. ഭരതൻ പൂച്ചാലി കസ്റ്റമർ അസ്സോസിയേറ്റ് ചക്കാരക്കൽ, കണ്ണൂർ
15. ഹരിദാസ്സൻ.പി. സീനിയർ അസ്സോസിയേറ്റ് മാഹി
16. ജനാർദ്ദനൻ .കെ. വാച്ച് & വാർഡ് ഹെഡ് മട്ടന്നൂർ
17. രാജൻ ഗോവിന്ദ് ചീഫ് മാനേജർ ആർ. ബി.ഒ.-5 കണ്ണൂർ
18. ഹരീന്ദ്രൻ.റ്റി. ചീഫ് അസ്സോസിയേറ്റ്, തലശ്ശേരി ഠൗൺ

19. സദാനന്ദ.കെ.ജി. സ്പെഷ്യൽ അസ്സോസിയേറ്റ് കുംബള
20. ജോർജ്ജ് കുര്യൻ സീനിയർ അസ്സോസിയേറ്റ് ചങ്ങനാശ്ശേരി
21. വിജയൻ.എൻ. സീനിയർ വാച്ച് & വാർഡ് ഹെഡ്ˇകോഴിക്കോട്
22. രോഹിണി മുല്ലേരി, സീനിയർ ഹെഡ് മെസ്സഞ്ജ്ജർ, ചെക്കിയാട്
23. ചന്ദ്രൻ.പി. സീനിയർ ഹെഡ് മെസ്സഞ്ജർ ചെരണ്ടത്തൂർ, കോഴിക്കോട്
24. രവീന്ദ്രൻ.കെ. മാനേജർ ഫെറോക്ക്, കോഴിക്കോട്
25. അബ്ദുറഹിമാൻകുട്ടി. പി. സീനിയർ അസ്സോസി യേറ്റ് മാനാഞ്ചിറ, കോഴിക്കോട്
26. ഗീതാഭായ് സീനിയർ ഹെഡ് മെസ്സഞ്ജർ മങ്കാവ്
27. അരവിന്ദാക്ഷൻ.എൻ. ചീഫ് അസ്സോസിയേറ്റ്. കുന്നത്തൂർമേട്
28. ദിനേഷ് കുമാർ.കെ. ചീഫ് അസ്സോസിയേറ്റ് കുന്ദംകുളം
29. ചന്ദ്രൻ ശങ്കരൻ ചീഫ് മാനേജർ ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
30. സതീഷ്.സി.ബി. ഡെപ്യൂട്ടി മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം.
31. ശ്യാമ.പി. ചീഫ് അസ്സോസിയേറ്റ്, പി.ബി. ബ്രാഞ്ച് തിരുവനന്തപുരം.
32. ത്രേസ്യ..ആർ.ജനറൽ അറ്റന്റർ,പോത്തൻകോട്
33. സതീശൻ കൃഷ്ണൻ ചീഫ് മാനേജർ സർവീസ് ബ്രാഞ്ച്, തിരുവനന്തപുരം.
34. ഗിരിജാകുമാരി.എസ്. ഹെഡ് മെസ്സഞ്ജർ വെള്ളയമ്പലം
35. സുരേഷ് കുമാർ. റ്റി.എൻ. ചീഫ് അസ്സോസിയേ റ്റ്, . അഞ്ചുകുന്ന്, വയനാട്

## ലൈല പുന്നൂസ്




2022 മാർച്ച് 31 ന് വാകത്താനം ശാഖയിൽ നിന്നും വിരമിച്ച ശ്രീമതി.ലൈല പുന്നൂസിനു നൽകിയ യാത്രയയപ്പ് യോഗത്തിൽ ആശംസകൾ അർപ്പിച്ചു സംസാരിക്കുന്ന ഡി.ജി.എസ്സ്. ശ്രീ. മാത്യു അടയ്ക്കാ മുണ്ടയ്ക്കൽ.

## ഹരീന്ദ്രൻ.റ്റി.



ഹരീന്ദ്രൻ.റ്റി.

39വർഷവും 7 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവൻത്തിന് ശേഷം തലശ്ശേരി ഔൺ ശാഖയിൽ ചീഫ് അസ്സോസിയേറ്റ് പദവിയിൽ നിന്നും 2022 ഏപ്രിൽ മാസം 30-ാം തിയതി വിരമിക്കുന്ന ഹരീന്ദ്രൻ.റ്റി

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. യാത്രാമംഗളങ്ങൾ!! എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘ ടനയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

## ഗണേഷ്.എൻ.



ഗണേഷ്.എൻ.

35 വർഷം ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസി ൽ നിന്ന് 2022 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ച ഗണേഷ്.എൻ. ചീഫ് മാനേജർ.

ആരോഗ്യപൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

# വിജയൻ.എൻ.



വിജയൻ.എൻ.

സൈനിക സേവനത്തിൽ നിന്നും വിരമിച്ച ശേഷം 2006 ഒക്ടോബറിൽ ബാങ്ക് സർവീസിൽ ചേർന്ന വിജയൻ. എൻ. 15 വർഷത്തെ വിശ്വസ്ത സേവനം പൂർത്തിയാക്കി 2022 ഏപ്രിൽ മാസം 30-ാം തിയതി കോഴിക്കോട് ശാഖയിൽ നിന്നം സീനിയർ ഹെഡ് ആന്റ് ഗാർഡ് ആയി പിരിഞ്ഞു.

അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. വിശ്രമ ജീവിതം ഭാസുരമായി തീരട്ടെയെന്ന് ആശംസിക്കുന്നു. വിജയനെ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ കോഴിക്കോട് ജില്ലാ കേന്ദ്രവുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

# ജോർജ്ജ് കുര്യൻ



ജോർജ്ജ് കുര്യൻ

15 വർഷവും 3 മാസവും 12 ദിവസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം ചങ്ങനാശ്ശേരി ബ്രാഞ്ചിൽ നിന്നും 2022 ഏപ്രിൽ മാസം 30-ാം തിയതി വിരമിച്ച ജോർജ്ജ് കുര്യൻ സീനിയർ അസ്സോസിയേറ്റ് .

അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



2022 ഏപ്രിൽ 30-ാം തിയതി ശനിയാഴ്ച്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വട്ടപ്പള്ളി ശാഖയിൽ വച്ച് നടന്ന യാത്രയയപ്പ് യോഗത്തിൽ എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ ചങ്ങനാശ്ശേരി ജോയിന്റ് കൺവീനർ എസ്.എം. റഫീഖ്, ജോർജ്ജ് കുര്യനെ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്ത് സംസാരിക്കുന്നു.

# രവീന്ദ്രൻ .കെ



രവീന്ദ്രൻ.കെ

39വർഷവും 4 മാസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം രവീന്ദ്രൻ കരുണാകരൻ ചീഫ് മാനേജർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് എർണാകുളം വിശ്രമ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നു. അദ്ദേഹത്തിന് ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.

# രമാദേവി.എം.ആർ



രമാദേവി.എം.ആർ

34 വർഷവും 6 മാസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2022 ഏപ്രിൽ മാസം 30-ാം തിയതി എറണാകുളം അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ നിന്നും വിരമിച്ച രമാദേവി. എം.ആർ., സ്പെഷ്യൽ അസ്സോസിയേറ്റ് .

സമാധാനവും സന്തോഷവും നിറഞ്ഞ, സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# സുരേഷ് കുമാർ. റ്റി.എൻ.



സുരേഷ് കുമാർ. റ്റി.എൻ.

36 വർഷവും 9 മാസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം വയനാട് അഞ്ചുകുന്ന്, ബ്രഞ്ചിൽ നിന്നും ചീഫ് അസ്സോസിയേറ്റ്, ആയി 2022 ഏപ്രിൽ മാസം 30-ാം തിയതി വിരമിക്കുന്ന സുരേഷ് കുമാർ. റ്റി.എൻ.

സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.
.

# ദിനേഷ് കുമാർ.കെ. ചീഫ് അസ്സോസിയേറ്റ്



ദിനേഷ് കുമാർ.കെ.

36 വർഷത്തെ ധന്യമായ ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ട് കുന്ദംകുളം ശാഖയിൽ നിന്നും പടിയിറങ്ങുകയാണ് ദിനേശ് കമാർ. മുൻ എസ്.ബി.റ്റി. യുടെ ചാലിശ്ശേരി ശാഖയിൽ നിന്നും റ്റൈപ്പിസ്റ്റ്/ ക്ലാർക്ക് ആയി ആരംഭിച്ച മികച്ച സേവന കാലത്ത് പ്രവർത്തനമികവിന് ഒരപാട് അംഗീകാരങ്ങൾക്കർഹനായ അദ്ദേഹം ചീഫ് അസോസ്സിയേറ്റ് ആയാണ് കുന്ദംകുളം ശാഖയിൽ നിന്നും വിരമിക്കുന്നത്. വിശ്രമജീവിതത്തിൽ എല്ലാവിധ ഐശ്വര്യങ്ങളും ഉണ്ടാവട്ടെയെന്ന് ആശംസിക്കുന്നു. ഒപ്പം പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# ലക്ഷ്മി.വി.എൻ.



ലക്ഷ്മി.വി.എൻ.

37 വർഷവും 8 മാസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിന് ശേഷം 2022 ഏപ്രിൽ മാസം 30-ാം തിയതി എറണാകുളം ശാഖയിൽ നിന്നും വിരമിച്ച അസിസ്റ്റന്റ് മാനേജർ ലക്ഷ്മി.വി.എൻ.

സന്തോഷപൂർണ്ണമായ സമാധാനവും സന്തോഷവും നിറഞ്ഞ, രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു

# ചന്ദ്രൻ.പി.



ചന്ദ്രൻ.പി.

36 വർഷത്തെ സംഭവ ബഹുലമായ ധന്യമായ ഔദ്യോഗിക ജീവിതത്തിന് വിരാമമിട്ട് കോഴിക്കോട് ചെരണ്ടത്തൂർ ശാഖയിൽ നിന്നും 2022 ഏപ്രിൽ മാസം 30-ാം തിയതി പടിയിറങ്ങുകയാണ് ചന്ദ്രൻ.പി. സീനിയർ ഹെഡ് മെസ്സഞ്ചർ.

സമാധാനവും സന്തോഷവും നിറഞ്ഞ, റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



Born with personality
is an accident but
Dying as a personality
is an achievement.
Your birth may be normal
but Your death
should be history.

## അഭിനന്ദനങ്ങൾ!!

# ഗിന്നസ് ലോക റിക്കോർഡിനരികെ വി.ആർ. ബാലകൃഷ്ണൻ നായർ



യോഗാചാര്യൻ വി.ആർ. ബാലകൃഷ്ണൻ നായർ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ഏരിയാ - 2 ജോയിന്റ് കൺവീനറും പ്രസിദ്ധ യോഗാചാര്യനുമായ വി.ആർ. ബാലകൃഷ്ണൻ നായർ 575 ക്ലാസ്സുകൾ പൂർത്തീകരിച്ച് ഗിന്നസ് ലോക റിക്കർഡിന് അർഹത നേടി. നിലവിലെ റിക്കോർഡ് 549 ദിവസമാണ്. വി.ആർ.ബിയെന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന അദ്ദേഹത്തിന് അസോസ്സിയേഷന്റെ അഭിനന്ദനങ്ങൾ!!

# ബെസ്റ്റ് സെല്ലർ അവാർഡ് നേടി ഡോ. കെ.ആർ.എസ്.നായർ

2022 ഏപ്രിൽ 9-ാം സമാപിച്ച, നൂറു കണക്കിന് പ്രസാധകർ പങ്കെടുത്ത, പത്തു ദിവസത്തെ 24-ാം കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ, സ്വയം പ്രസാധകരായ എഴുത്തുകാരുടെ (Indie Authors) പുസ്തകങ്ങളുടെ വിൽപ്പനയിൽ ഏറ്റവും അധികം പുസ്തകങ്ങൾ വിറ്റഴിച്ച ഗ്രന്ഥകാരൻ എന്ന സ്ഥാനം, കരസ്ഥമാക്കി എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ

തിരുവനന്തപുരം യൂണിറ്റ് അംഗം ഡോ. കെ.ആർ. എസ്.നായർ.



ഡോ. കെ.ആർ.എസ്.നായർ.

ഗുരുപൂജ, ജീവകർമ്മസങ്കൽപ്പം, 'വാക്കാണ് സത്യം', ശരിയായ ദൈവസങ്കല്പം, ഈശ്വരാരാധന, ഗുരുശിഷ്യ പാരസ്പര്യം തുടങ്ങിയ വിഷയങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വിവിധ മതസ്ഥരും ഭാഷക്കാരും ആയ നൂറു കണക്കിന് ആൾക്കാരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. തദവസരത്തിൽ ഡി.ആർ.ഡി.ഒ. **(Defence Research & Development Organization)** ശാസ്ത്രജ്ഞൻ ഉൾപ്പെടെ പലരും അവരുടെ സ്ഥാപനങ്ങളിൽ ഡോ. കെ.ആർ.എസ്. നായരെ. പ്രഭാഷണത്തിനു ക്ഷണിക്കാൻ നിശ്ചയിക്കുകയും ചെയ്തത് കൂടുതൽ ഉത്സാഹവും പ്രചോദനവുമായി,

# മമത സൂസൻ പുന്നൂസിന് പി.എ ച്ച്.ഡി.



മമത സൂസൻ പുന്നൂസ്

രസതന്ത്രത്തിൽ പി. എ ച്ച്.ഡി. നേടി മമത സൂസൻ പുന്നൂസ് എസ്. ബി. ഐ റിട്ട. ചീഫ് മാനേജർ തച്ചാറ പുന്നൂസ് കുരുവിളയുടെയും റിട്ട. കോട്ടയം ബി. സി. എം കോളേജ് പ്രിൻസിപ്പാൾ ജോസഫിന സൈമന്റെയും മകളാണ്. ഭർത്താവ് സി.എസ്.ബി മാനേജർ ഞീഴൂർ വട്ടോത്തുപറമ്പിൽ ജോസുകുട്ടി തോമസ്.

അഭിനന്ദനങ്ങൾ!!

# അഡ്വർട്ടൈസിങ്ങ് അവാർഡ് പാർവതിയ്ക്ക്

മുൻ കോട്ടയം അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയും ഇപ്പോഴത്തെ പാലാ ഏരിയക്കമ്മറ്റി ജോയിന്റ് കൺവീനറുമായ പി.എസ്. രാജ്മോഹൻ നായരുടെ മകൾ പാർവതിയ്ക്ക് ഈ വർഷത്തെ ഐ.എ.എ. ഒലീവ് ക്രൗൺ അഡ്വർട്ടൈസിങ്ങ് അവാർഡ്.

പാർവതിയ്ക്ക് എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുമോദനങ്ങൾ!




പാർവതി നേടിയ അഡ്വർട്ടൈസിങ്ങ് അവാർഡ്

അഭിനന്ദനങ്ങൾ!!

# വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ചിമ്മിനിയിൽ പുകയുയർന്നു



വെള്ളൂർ ന്യൂസ് പ്രിന്റ് ഫക്ടറിയുടെ ചിമ്മിനിയിൽ പുകയുയർന്നു. കോട്ടയം ജില്ലയുടെ അഭിമാനമായിരുന്ന വെള്ളൂർ ന്യൂസ് പ്രിന്റ് ഫക്ടറിയുടെ പ്രവർത്തനം നിലച്ചിട്ട് മൂന്ന് വർഷം കഴിഞ്ഞു. ആരെയും വേദനിപ്പിക്കുന്ന നേർക്കാഴ്ച്ചകളായിരുന്നു പിന്നിട് നാം കണ്ടത്. അനാഥരായിപ്പോയ ജീവനക്കാർ, കെട്ടിടങ്ങൾ, ക്വാർട്ടേഴ്സുകൾ, സ്കൂളുകൾ, റോഡുകളും ഠൗൺഷിപ്പും, കൺസ്യൂമർ സ്റ്റോർ, ചലനമറ്റ യൂണിയൻ ഓഫീസുകൾ, എപ്പോഴും പ്രകാശം പരത്തി ശബ്ദമുഖരിതമായിരുന്ന കോമ്പൗണ്ടുകളിലെ ശ്മശാന മൂകത എല്ലാം ഈ നാടിന്റെ നൊമ്പരമായി. ഇന്നിതാ, കേന്ദ്രത്തിൽ നിന്ന് കേരളം ഏറ്റെടുത്ത് ''കേരള പേപ്പർ പ്രോഡറ്റ്സ് ലിമിറ്റഡ്'' എന്ന സ്ഥാപനം രൂപീകരിച്ച് പവർ ബോയിലർ പ്ലാന്റ് വിജയകരമായി കമ്മീഷൻ ചെയ്യുകയും ആവി പരീക്ഷണം നടത്തുകയും ചെയ്ത് ജനമനസ്സുകളിൽ പ്രതീക്ഷ പകർന്നിരിക്കുന്നു. കൊട്ടും കുരവയുമൊന്നുമില്ലാതെ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന മന്ത്രി പി.രാജീവ്, തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു.

# എഫ്.സി.ആർ.എ.യുടെ 2020ലെ ഭേദഗതികൾ സുപ്രീം കോടതി ശരിവച്ചു.

ഇന്ത്യയിലേക്കുള്ള വിദേശ ഫണ്ടുകളുടെ ഒഴുക്കിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ 2010ലെ ഫോറിൻ കോൺട്രിബ്യൂഷൻ (റെഗുലേഷൻ) നിയമത്തിൽ 2020ൽ സർക്കാർ കൊണ്ടുവന്ന ഭേദഗതികൾ സുപ്രീം കോടതി ശരിവച്ചു.



ജസ്റ്റിസുമാരായ എ. എം. ഖാൻവിൽക്കർ, ദിനേഷ് മഹേശ്വരി, സി.ടി. രവികുമാർ എന്നിവരടങ്ങിയ ബെഞ്ച് എൻജിഒ കളിൽ നിന്നും ചാരിറ്റി സംഘടനകളിൽ നിന്നുമുള്ള ഭേദഗതികൾക്കെതിരെ സമർപ്പിച്ച ഹർജികൾ തള്ളി വിധി പ്രഖ്യാപിച്ചു. "വിദേശ സംഭാവനകൾ സ്വീകരിക്കുന്നത് കേവലമായതോ അല്ലെങ്കിൽ നിക്ഷിപ്തമായ അവകാശം പോലുമോ ആകില്ല". ജസ്റ്റിസ് രവികുമാർ പറഞ്ഞു,

വിദേശ സംഭാവനയുടെ അനിയന്ത്രിതമായ ഒഴുക്ക് രാജ്യത്തിന്റെ പരമാധികാരത്തെയും അഖണ്ഡതയെയും അതിന്റെ പൊതു ക്രമത്തെയും പൊതുസമൂഹത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമായി പ്രവർത്തിക്കാനും സ്വാധീനിക്കാനുള്ള കഴിവുണ്ട്," ലൈവ് ലോ അനുസരിച്ച് കോടതി വിധിച്ചു.




## എല്ലാർക്കും ഈസ്റ്റർ ആശംസകൾ!






# സി.എം.ഉണ്ണികൃഷ്ണൻ

നമ്മുടെ പാലക്കാട് ജില്ലാ കേന്ദ്രത്തിലെ അംഗം (എൽ.എം.നം.9176), **സി. എം. ഉണ്ണികൃഷ്ണൻ, മൂത്തേടത്ത്മന, മൈത്രി നഗർ, ഷൊർണ്ണൂർ** .നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. 73 വയസ്സായിരുന്നു.



**സി.എം.ഉണ്ണികൃഷ്ണൻ**
**മൂത്തേടത്ത് മന മൈത്രി നഗർ, ഷൊർണ്ണൂർ**

**സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു
**ബാഷ്പാഞ്ജലികൾ!**

# കുട്ടിയമ്മ എബ്രഹാം



**കുട്ടിയമ്മ എബ്രഹാം**

**നമ്മുടെ മെമ്പർ കാഞ്ഞിരപ്പള്ളി ഏരിയയിൽ പ്രവർത്തിക്കുന്ന ഫിലോമിന ജോസിന്റെ ഭർതൃ മാതാവ് കുട്ടിയമ്മ എബ്രഹാം 84 നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. ഭർത്താവ് ഇമ്മാനുവേൽ (റിട്ട പ്രിൻസിപ്പൽ SD കോളേജ് കാഞ്ഞിരപ്പള്ളി ) ശവസംസ്കാരം ഏപ്രിൽ 6-ാം തിയതി ബുധനാഴ്ച്ച പൊൻകുന്നം തിരുകുടുംബം . പള്ളി സിമിത്തേരിയിൽ നടത്തി അവരുടെ വേർപാടിൽ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്റർ അനുശോചനം**

അറിയിക്കുന്നു . ദുഖാർത്തരായ കുടുംബാംങ്ങളുടെ വേദനയിൽ പങ്കു ചേരുന്നു

# . ഏലിക്കുട്ടി ജേക്കബ്



ഏലിക്കുട്ടി ജേക്കബ്

ഏലിക്കുട്ടി ജേക്കബ് (95) നിര്യാതയായി . എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ്, ഏറ്റുമാനൂർ ഏരിയ മെമ്പർ ഓ. സി. സെബാസ്ററ്യന്റെ മാതാവാണ് പരേത . ശവസംസ്ക്കാരം 07-04-2022 വ്യാഴം 10 മണിക്ക് അതിരമ്പുഴ പള്ളി സിമിത്തേരിയിൽ നടത്തി. അവരുടെ നിര്യാണത്തിൽ അനുശോചനം അറിയിക്കുന്നു കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു .

# പി.ടി.ഗർവാസീസ്



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ജോർജ് ഗെർവാസിസി ന്റെ പിതാവ് പി ടി ഗർവാസീസ് (95) പുളിക്കാനിക്കൽ, ചാമക്കാലാ കുറുമുള്ളൂർ, നിര്യാതനായ വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.. സംസ്കാരം 10 ഞായർ 2.30 ന് വസതിയിൽ പ്രാർത്ഥനയ്ക്ക് ശേഷം കോതനല്ലൂർ ഗർവാസീസ് ആൻ ഡ് പോത്താസീസ് ഫൊ റോന പള്ളിയിൽ നടത്തി.

ഭാര്യ: കോതനല്ലൂർ മുണ്ടുമുഴി പരേതയായ അന്നമ്മ . മക്കൾ : പി.ജി.ആനിയമ്മ (റിട്ട. ജൂനിയർ സൂപ്രണ്ട്, ഹൗസിങ് ബോർഡ് തിരുവനന്തപുരം), പി.ജി. തോമസ് ഐ.എ.എസ്(റിട്ട. ലേബർ കമ്മീഷണർ ), പി.ജി.സെബാസ്ട്യൻ (മുൻ ഠൗൺ പ്ലാനർ, ചങ്ങനാശേരി നഗരസ) , ജോർജ് ഗർവാസീസ് (റിട്ട : മാനേജർ, എസ്ബി.ഐ), ജോബ് ഗർവാസീസ് അക്കൗണ്ട്സ് ഓഫീസർ, മെഡിക്കൽ കോളേജ്, കോട്ടയം .

**അദ്ദേഹത്തിന്റെ നിര്യാണത്തിൽ** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# എസ്.ശ്രീനിവാസൻ



എസ്.. ശ്രീനിവാസൻ

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോറിന്റെ എം.ഡി.യായി വിരമിച്ച മുൻ എസ്.ബി.റ്റി. ജി.എം. (ഓപ്പറേഷൻസ്) ബംഗളൂരുവിൽ വച്ച് അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 81 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.**

# കെ. ജെ. മറിയാമ്മ

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം റിട്ട. എസ്. ബി. ഐ മാനേജർ ഷേർലി ജോസഫിന്റെ (LM- 10741)** മാതാവ് കെ. ജെ. മറിയാമ്മ, റിട്ട. ടീച്ചർ സെന്റ് ജോസഫ്സ് ഹൈയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ, നിര്യാതയായ വിവരം ഖേദപൂർവ്വം അറിയിക്കുന്നു. 88 വയസ്സായിരുന്നു. സംസ്കാരം പഴവങ്ങാടി മാർ സ്ലിവ ഫെറോനാ പള്ളിയിൽ നടത്തി.



കെ. ജെ. മറിയാമ്മ

അവരുടെ വേർപാടിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ ഹൃദയംഗമമായ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുകയും, അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു

# വി.സി.വർഗീസ്



വി.സി.വർഗീസ്

വി.സി.വർഗീസ് ( ജോയി -79) വാണീഗാർ ചീരഞ്ചിറ ഡൻസ് ( മണിമല വെച്ചു ക്കരോട്ട് ) അഹമ്മദാബാദിൽ അന്തരിച്ചു ഭാര്യ : മാന്തുക പമ്പുരത്ത് തോപ്പിൽ റോസമ്മ . മക്കൾ : ജേക്കബ് വർഗീസ് ( മലേഷ്യ ) , സെലിൻ വർഗീസ് ( എറണാകുളം ) . മരുമക്കൾ : പ്രിയ ജേക്കബ് , ജൂലിയസ് ആന്റണി..

അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോ ചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# കെ.എം.ബാലകൃഷ്ണൻ നായർ



കെ.എം.ബാലകൃഷ്ണൻ നായർ

മുൻ എസ്.ബി.റ്റി. റിട്ട. ഉദ്യോഗസ്ഥൻ കുടമാളൂർ മേനോൻ പാറയിൽ കെ.എം.ബാലകൃഷ്ണൻ നായർ (മാമൻ) അന്തരിച്ച വിവരം ഖേദപൂർവം അറിയിക്കുന്നു. 73 വയസ്സായിരുന്നു. ശവസംസ്കാരം 2022 ഏപ്രിൽ 19-ാം തിയതി വീട്ടുവളപ്പിൽ നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# തങ്കമ്മ ജേക്കബ്ബ്



തങ്കമ്മ ജേക്കബ്ബ്

മുൻ എസ്.ബി.റ്റി. റിട്ട. എ.ജി.എം കെ.ജെ. എബ്രഹാമിന്റെ മാതാവ് തങ്കമ്മ ജേക്കബ്ബ് അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 88 വയസ്സായിരുന്നു. ശവസംസ്കാരം 2022 ഏപ്രിൽ 24-ാം തിയതി ചിറക്കടവ് സെന്റ് എഫ്രേംസ് പള്ളിയിൽ നടത്തി. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസിയേഷന്റെ

അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# കെ.റ്റി.ആന്റണി



കെ.റ്റി.ആന്റണി

നമ്മുടെ വൈക്കം ഏരിയ മെമ്പർ മാന്നാർ കെ റ്റി ജോസഫി ന്റെ സഹോദരനായ കെ.റ്റി.ആന്റണി കയ്യാലയ്ക്കൽ മാന്നാർ അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. ശവസംസ്കാരം മുട്ടുചിറ റൂഹാദ് ക്കുദീശ ഫൊറോനാ പള്ളി സെമിത്തേരിയിൽ 2022 ഏപ്രിൽ 24-ാം തിയതി നടത്തി. എസ്.ബി.ഐ.പെൻഷ നേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയി ക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# അനിൽ എടത്തറ



അനിൽ എടത്തറ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ പറവൂർ/ ഞാറക്കൽ ഏരിയാ എക്സി. അംഗം ശ്രീമതി. M.A. ഡെയ്സിയുടെ മകൾ അമ്പിളിയുടെ ഭർത്താവ് അനിൽ എടത്തറ (50 വയസ്സ്) മരണപ്പെട്ടു.പാലക്കാട് സ്വദേശിയായ അനിലും കുടുംബവും അമേരിക്കയിലാണ്. ഒരാഴ്ചത്തെ ലീവിൽ എത്തിയ അനിൽ പെട്ടെന്ന് കുഴഞ്ഞു വീണു മരിക്കുകയായിരുന്നു. ഭാര്യയും മക്കളും നാട്ടിലെത്തിയാലെ ശവസംസക്കാരം നടക്കു എന്നാണ് അറിഞ്ഞത്.

അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുക യും ചെയ്യുന്നു

# അയ്യപ്പുണ്ണി എ. വി.



അയ്യപ്പുണ്ണി എ. വി.

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം ശ്രീ. അയ്യപ്പുണ്ണി A P ( LM / 393) യുടെ നിര്യാണം വേദപൂർവ്വം അറിയിക്കുന്നു. 2022 ഏപ്രിൽ 27-ാം തിയതി കാലത്ത് ഏകദേശം 6:45 ന് ആയിരുന്നു മരണം. സംസ്കാരം വീട്ടുവളപ്പിൽ. നടത്തി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# ജി.എസ്.കെ.നായർ

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗം ജി.എസ്.കെ.നായർ ശ്രീവത്സം എടക്കോട്, ആറ്റിങ്ങൽ (LM 1338) അന്തരിച്ച വിവരം വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു. 74 വയസ്സായിരുന്നു. ഭാര്യ: വത്സലകുമാരി.വി.എസ്. അദ്ദേഹത്തിന്റെ നിര്യാണ ത്തിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേ ഷന്റെ അനുശോചനം അറിയിക്കുന്നു.



ജി.എസ്.കെ.നായർ

## അനുശോചനം

ഇന്ന് രാവിലെ പ്രിയപ്പെട്ട ജി എസ് കെ യുടെ അതീവ ദുഃഖകരമായ നിര്യാണവാർത്ത അറിഞ്ഞതിന് ശേഷമുണ്ടായ വല്ലാത്തൊരു വിഷമാവസ്ഥയിലാണ് എൻറെ മനസ്സ്. വാർത്തയോടൊപ്പം ചേർന്നു കിടക്കുന്ന ഫോട്ടോവിൽ മുപ്പത്തെട്ട് വർഷങ്ങൾക്കുമുമ്പ് ഞാനാദ്യമായി പരിചയപ്പെട്ട അതേ ജി എസ് കെ. അൽപ്പം പോലും മങ്ങലേൽക്കാത്ത ആ തനതായ ചിരി. 1983 സപ്തംബറിൽ ആൽത്തറ ബ്രാഞ്ചിൽ ജോയിൻ ചെയ്തതിന് ശേഷം
അതിനടുത്ത ദിവസങ്ങളിലൊരു വൈകു ന്നേരം അന്നത്തെ സ്റ്റാച്യു ബ്രാഞ്ചിൽ സുഹൃത്ത് ചെല്ലപ്പനെ കാണാൻ പോയപ്പോൾ, ' ഇത് നമ്മുടെ ജി എസ് കെ ' എന്ന മുഖവുരയോടെ ചെല്ലപ്പനാണ് പരിചയപ്പെടുത്തിയത്. നിറചിരിയോടെ എന്നരികിൽ നിന്ന ജി എസ് കെ അന്ന് തിരുവനന്തപുരം ശാഖയിലെ ഓഫീസറായിരുന്നു. 'പ്രഥമ ദർശനത്തിൽ തന്നെ പ്രണയം'എന്ന് പറയും പോലെ ജി എസ് കെ യും ആ വശ്യമനോഹരമായ ചിരിയും എൻറെ മനസ്സിൽ അന്ന് തന്നെ ചേക്കേറിയിരുന്നു. കാലം ഒരുപാട് മുന്നോട്ട് പോകവേ അനിവാര്യമായ സ്ഥലംമാറ്റങ്ങളെ തുടർന്നുള്ള ഇടവേളകളിൽ കണ്ടും കാണാതെയും അവസരങ്ങൾ ഞങ്ങൾക്കിടയിലൂടെതെന്നിമാറിപ്പോകവേ എസ് എസ് കോവിൽ റോഡിലെ ആ തലയെടുപ്പുള്ള സൗധത്തിൽ ഒരിക്കൽ കൂടി ഞങ്ങൾ ഒത്ത് ചേർന്നു. പരസ്പരബഹുമാനത്തിന്റെ ശീതളിമ അറിഞ്ഞോ അറിയാതെയോ ഇക്കാലമത്രയും ഞങ്ങൾക്കിടയിൽ നിലനിന്നിരുന്നു എന്നത് യാഥാർത്ഥ്യമാണ്.ഒരു പക്ഷെ ജി എസ് കെ എല്ലാവരോടും ഇതേ ആഭിമുഖ്യം വച്ച് പുലർത്തിയിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അസ്സോസിയേഷൻ രംഗത്ത് ഞാൻ സജീവമായി നിലനിന്നപ്പോൾ ഒഴിവാക്കാനാവാത്ത ചില മുൻഗണനകൾ കാരണം ജി എസ് കെ ക്ക് മറുപക്ഷത്ത് നിലയുറപ്പിക്കേണ്ട അവസ്ഥയെക്കുറിച്ച് ആയിടെ എന്നോട് സൂചിപ്പിച്ചി രുന്നതും ഞാനത് പരിഭവലേശമില്ലാതെ ഹൃദയപൂർവ്വം അ.ഗീകരിച്ചതും ഇപ്പോൾ ഞാനോർക്കുന്നു.

എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു അദ്ദേഹം. കാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തി സ്വന്തം നിലപാടുകളിൽ ഉറച്ചു നിൽക്കാൻ ശ്രദ്ധിച്ചിരുന്നു. ജി എസ് കെയുടെ വിയോഗം തികച്ചും അനവസരത്തിൽ തന്നെ. ചരമവാർത്ത അറിയിച്ചു കൊണ്ടുള്ള ജി എസ് കെയുടെ മകന്റെ സന്ദേശം തിരുവനന്തപുരത്ത് നിന്ന് സഹദേവൻ എനിക്ക് ഫോർവേർഡ് ചെയ്തതിലൂടെയാണ് വിവരം ഞാൻ അറിഞ്ഞത്. കാലത്തെ 'കോവിഡിന് മുൻപും കോവിഡിന്ശേഷവും' എന്ന നിലയിൽ വിഭജിച്ചാൽ, ഒരുപാട് ദുഃഖവാർത്തകൾ നമ്മിലേക്കെത്തിച്ച ഈ രണ്ടാം വേളയെ വെറുക്കുന്നു ഞാൻ. പ്രിയപ്പെട്ട ജി എസ് കെ ക്ക് സാദര പ്രണാ മങ്ങൾ!. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ
പങ്ക് ചേരുന്നു. അനുശോചനങ്ങൾ.

രാജീവൻ
കോഴിക്കോട്

## ഞെട്ടിച്ച വാർത്ത

പ്രിയ സുഹൃത്ത് ജി എസ് കെ യുടെ നിര്യാണവാർത്ത കേട്ടു ഞെട്ടിപ്പോയി. തികച്ചും അവിചാരിതവും അവിശ്വസനീയവും ആയ വാർത്ത,! 1998 ൽ കോഴിക്കോടു വച്ചു തുടങ്ങിയ സൗഹൃദം, LHOയിൽ ഒരേ ഡിപ്പാർട്മെൻറിൽ ജോലി ചെയ്തപ്പോൾ ഒന്നു കൂടി ഉറച്ചു. വിരമിച്ച ശേഷവും എന്റെ ഹെഡ്ഓഫീസിലെ രണ്ടാമൂഴത്തിൽ ഒരിക്കൽ വീട്ടിൽ സന്ദർശിച്ചതായിരുന്നു അവസാനത്തെ കൂടിക്കാഴ്ച. പിന്നീട് പലപ്പോഴും ഫോണിൽ ബന്ധപ്പെടാറുണ്ടായിരുന്നു..

പ്രിയ സുഹൃത്തിന്റെ വേർപാടിൽ എനിക്കുള്ള ഖേദം അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു..

ബി സി ഉണ്ണികൃഷ്ണൻ നായർ,
വൈസ് പ്റസിഡന്റ്

## ബബിത



ബബിത

മുൻ എസ്.ബി.റ്റി.യുടെ അതിരമ്പുഴ, ഏറ്റുമാനൂർ ശാഖകളിൽ ജോലി ചെയ്തിരുന്ന ശ്രീമതി.രാജമ്മയുടെ മകൾ ബബിത ഷുഗർ പെട്ടെന്ന് താഴ്ന്നതിനേത്തുടർന്ന് ആകസ്മികമായി മരണപ്പെട്ട വിവരം അത്യന്തം വ്യസനന സമേതം അറിയിക്കുന്നു. 45 വയസ്സായിരുന്നു. അവരുടെ അകാല നിര്യാണത്തിൽ വ്യസനിക്കുന്ന കുടുംബത്തേയും, ബന്ധുമിത്രാദികളേയും എസ്.ബി.ഐ പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ, രചനകൾ എന്നിവ ക്ഷണിക്കുന്നു.**

## ഉപദേശക സമിതി

**കെ.രാജീവൻ**

**സംസ്ഥാന പ്രസിഡന്റ്**

**എ.ജയകുമാർ, സംസ്ഥാന സെക്രട്ടറി**

## പത്രാധിപസമിതി

**രക്ഷാധികാരി**

**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**

**മാനേജിംഗ് എഡിറ്റർ**

**എം.ജി.രാഘവൻ**

**ചീഫ് എഡിറ്റർ**

**പി.പി.ഫിലിപ്പ്**

**പത്രാധിപ സമിതി അംഗങ്ങൾ**

കെ. എൻ. വിശ്വനാഥൻ നായർ

പി.എം.ജേക്കബ്

സി.പി.മാത്യു

എം.പി.പുഷ്കരൻ

ഈശോ ചെറിയാൻ

ജോൺ വി. ചെറിയാൻ

ജോസഫ് ജോൺ

ത്രേസ്സ്യാമ്മ ആന്റണി

കെ.വി.ജോർജ്ജ്

കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂക്ഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപെടുത്തിയാലും.



SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com